<5scho4><Aesthetics><Text Book (School)><1988><Book><കേരള പാഠാവലി സ്ററാൻഡേഡ് 10><****><15>

1 വേലയിൽ വിളയുന്ന വിദ്യാഭ്യാസം
(മഹാത്മാഗാന്ധി -1869-1948, രാഷ്ട്രപിതാവ്
ആദർശങ്ങൾ കർ്മ്മഫലത്തിലെത്തിച്ച മഹാൻ.
ജീവിതത്തിന്റെ എല്ലാ മേഖലകളെയും സമഗ്രമായി
വീക്ഷിക്കുന്ന
'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ'
അദ്ദേഹത്തിന്റെ
ആത്മകഥയാണ്. ഗാന്ധിജിയുടെ ചിന്തകളും
ദർശനങ്ങളും
സമാഹരിച്ച് മലയാളത്തിൽ ഏഴു ഭാഗങ്ങളായി
'ഗാന്ധിസാഹിത്യം ' എന്നപേരിൽ ഒരു
ഗ്രന്ഥപരമ്പര
പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു
നവസമൂഹനിർമ്മിതിക്കുവേണ്ടചി
ഗാന്ധിജി ആവിഷ്കരിച്ചിട്ടുള്ള സൃഷ്ടിപരവും
പരിവർത്തനോന്മുഖവുമായ
വിദ്യാഭ്യാസചിന്തകളുടെ
സമാഹാരമാണ് അഞ്ചാമതുഗ്രന്ഥമായ
'വിദ്യാഭ്യാസം'.
ഗാന്ധിജിയുടെ വിദ്യാഭ്യാസചിന്തകൾ
അദ്ദേഹത്തിന്റെ തന്നെ വാക്കു
കളുടെ മലയാള പരിഭാഷയായി
ഡോ.ഒ.എം.അനുജൻ
പ്രസിദ്ധപ്പെടുത്തിയതാണ് പ്രസ്തുത ഭാഗം.
വിദ്യാർത്ഥിയായിരിക്കെ എന്തെങ്കിലും തൊഴിൽ

ചെയ്ത് അതിൽനിന്നുകിട്ടുന്ന വേതനംകൊണ്ട് വിദ്യാഭ്യാസം
ചെയ്യേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു പാഠഭാഗമാണിത്.)

വിദ്യാഭ്യാസം നിർബന്ധിതവും ആഗ്രഹിക്കുന്ന എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും
ലഭ്യവുമാകണമെങ്കിൽ നമ്മുടെ പള്ളിക്കൂടങ്ങളും കലാശാലകളും സ്വയംപര്യാപ്തമാവണം-തികച്ചുമല്ലെങ്കിൽ മിക്കവാറുമെങ്കിലും, സംഭാവന മൂലമോ സർക്കാർ ധനസഹായം മൂലമോ വിദ്യാർത്ഥികളിൽനിന്ന് ഈടാക്കുന്ന ഫീസുമൂലമോ
ആകരുത് സ്വയംപര്യാപ്തത. വിദ്യാർത്ഥികൾ തന്നെ ചെയ്യുന്ന ആദായകരമായ പ്രവൃത്തികൾ മുഖാന്തരമാവണം അത്. വ്യവസായാഭ്യസനം നിർബന്ധിതമാക്കിയാലേ ഇതി പ്രതയോഗികമാവുകയുള്ളൂ. സാഹിത്യാഭ്യസനത്തോടൊപ്പം വിദ്യാർത്ഥികൾ വ്യവസായാഭ്യസനവും ചെയ്യേണ്ടതിന്റെ
ആവശ്യകത ദിനംപ്രതി കൂടുതൽ കൂടുതൽ അംഗീകരിക്കപ്പെട്ടുവരുന്നു. അതിനു പുറമെ, പ്രത്യക്ഷമായിത്തന്നെ വിദ്യാഭ്യാസം സ്വയംപര്യാപ്തമാക്കാൻ
വേണ്ടി വ്യവസായാഭ്യസനവുമായി ഒന്നിച്ചു തുടർന്നുകൊണ്ടു പോകേണ്ടുന്നതിന്റെ ആവശ്യകത കൂടി
ഈ രാജ്യത്തുണ്ട്. നമ്മുടെ വിദ്യാർത്ഥികൾ

ദേഹാദ്ധ്വാനത്തിന്റെ മാന്യത അംഗീകരിക്കുകയും
അധ്വാനപരമായ തൊഴിലറിയാതിരിക്കുന്നത്
അവമാന
ചിഹ്നമാണെന്ന് ധരിക്കുകയും ചെയ്താലേ ഇതു
സാധ്യമാവുകയുള്ളു. ലോകത്തിലെ ഏറ്റവും
സമ്പന്നമായ രാജ്യമാണ് അമേരിക്ക. അവിടെ
വിദ്യാഭ്യാസം സ്വയംപര്യാപ്തമാക്കേണ്ടതിന്റെ
ആവശ്യം
ഏറ്റവും കുറവാണ്. അവിടെ തങ്ങളുടെ
വിദ്യാഭ്യാസത്തിനുള്ള ചെലവ് കുട്ടികൾ
ഭാഗികമായോ
പൂർണമായോ വഹിക്കുകയെന്നത് ഒരു സാധാരണ
കാര്യമാണ്. ''ദി ഹിന്ദുസ്ഥാൻ
അസോസിയേഷൻ ഓഫ് അമേരിക്ക''യുടെ
ഔദ്യോഗിക
ബുള്ളറ്റിൻ ആയ ''ഹിന്ദുസ്ഥാനി സ്റ്റുഡന്റ്''
ഇങ്ങനെ
പറയുന്നു:

''അമേരിക്കൻ വിദ്യാർത്ഥികളിൽ അമ്പതു
ശതമാനത്തോളം പേർ വേനലവധിക്കാലവും
അധ്യയന
വർഷത്തിൽത്തന്നെ തങ്ങളുടെ സമയത്തിന്റെ ഒരു
ഭാഗവും ധനസമ്പാദത്തിനു വിനിയോഗിക്കുന്നു.''
'സ്വാശ്രയശീലരായ വിദ്യാർത്ഥിൾ
ബഹുമാനിക്കപ്പെടുന്നു.' എന്ന് കാലിഫോർണിയ
സർവ്വകലാശാലാ ബുള്ളറ്റിനിൽ എഴുതിയിരിക്കുന്നു.
പന്ത്രണ്ടു
മുതൽ പതിനാറു വരെ യൂണിറ്റുകളായി,
ആഴ്ചയിൽ മുപ്പത്തിയാറു മുതൽ നാല്പത്തിയെട്ടു

വരെ
മണിക്കൂറുകൾ എടുക്കുന്ന കോളേജ്
വിദ്യാഭ്യാസത്തിനു സാരമായ വിഘാതം കൂടാതെ
തന്നെ ഒരു
വിദ്യാർത്ഥിക്ക് ന്യായപ്രകാരം പണിയെടുത്താൽ
ത്തന്നെ അധ്യയന വർഷത്തിൽ ആഴ്ചയിൽ
പന്ത്രണ്ടു
മുതൽ ഇരുപത്തിയഞ്ചു മണിക്കൂർ വരെ നീക്കി
വയ്ക്കാൻ പറ്റും. താഴെക്കൊടുക്കുന്ന
വിഷയങ്ങളിൽ വിദ്യാർത്ഥിക്ക് പ്രായോഗിക
വിജ്ഞാനംതന്നെ വേണം. ആശാരിപ്പണി,
ഭൂമിയളക്കൽ,
കെട്ടിടത്തിന്റെ ആകൃതിയും കണക്കും നിജപ്പെടു
ത്താൻവരച്ചുണ്ടാക്കൽ, ഇഷ്ടികപടുക്കൽ, ചുമരും
നിലവും തേയ്ക്കൽ,യന്ത്രവാഹനങ്ങളോടിക്കൽ,
ഛായാഗ്രഹണം, യന്ത്രശാലയിലെ പണികൾ,
ചായം
കേറ്റൽ, പാടത്തിലെ പണികൾ, കൃഷിസംബന്ധ
മായ പൊതുജോലികൾ, വാദ്യസംഗീത പ്രയോഗ'
ങ്ങൾ മുതലായവ. ഏതെങ്കിലും ഭക്ഷ്യശാലയിൽ
രണ്ടോ മൂന്നോ മണിക്കൂർ ജോലിയെടുക്കുകയോ
മറ്റോ ചെയ്താൽ ഒരു വിദ്യാർത്ഥിയുടെ അധ്യയന
കാലത്തെ താമസച്ചെലവ് അങ്ങനെ കഴിഞ്ഞു
പോകും. ഭാഗികമായി സ്വന്തം കാര്യം
നിർവ്വഹിക്കാൻ
കഴിവുള്ള ഒരു വിദ്യാർത്ഥി വേനലവധിക്കാലത്ത്
പണിയെടുത്ത് നൂറ്റമ്പതു മുതൽ ഇരുനൂറു വരെ
ഡോളറുകൾ സമ്പാദിച്ചേക്കും. ന്യൂയോർക്ക്
സർവ്വകലാശാല, പിറ്റ്സ്ബർഗ് സർവകലാശാല,

ആന്റിയോക്ക് കോളേജ് എന്നിവ കുട്ടികൾക്ക് വ്യവസായ
സ്ഥാപനങ്ങളിൽ പണിയെടുത്ത് ഒരു കൊല്ലത്തെ ട്യൂഷൻ ചെലവിനുള്ള വക സമ്പാദിക്കാവുന്ന തരത്തിൽ, വ്യാവസായിക ഏഞ്ചിനീയറിംഗ് കോഴ്സുകൾ നടത്തുന്നുണ്ട്. ഇതിനു പുറമെ, ആ കാലമത്രയും പ്രായോഗിക പരിചയം നേടിയെന്ന പരിഗണനയും ഭാവിയിൽ ആ വിദ്യാർത്ഥിക്കു സിദ്ധിക്കുന്നു.

തങ്ങളുടെ വിദ്യാഭ്യാസച്ചെലവുകൾ വിദ്യാർത്ഥികൾക്കു സ്വയം വഹിക്കാനുള്ള കഴിവുണ്ടാകത്തക്കവിധത്തിൽ അമേരിക്കയിലെ സ്കൂളുകളും
കോളേജുകളും തന്നെ പാകപ്പെടുത്തണമെങ്കിൽ, നമ്മുടെ സ്കൂളുകളെയും കോളേജുകളെയും സംബന്ധിച്ചിടത്തോളം അത് എത്രയധികം ആവശ്യമാണെന്നു പറയേണ്ടതില്ലല്ലോ.സാധു വിദ്യാർത്ഥികൾക്ക് എന്തെങ്കിലും തൊഴിൽ കണ്ടുപിടിക്കുകയല്ലേ, സൗജന്യ വിദ്യാഭ്യാസം നല്കി അവരെ
പാപ്പരാക്കുന്നതിനെക്കാൾ ഭേദം? ഒരാൾ കൈകൊണ്ടും
കാലുകൊണ്ടും പണിയെടുത്തു സ്വന്തം ജീവിതച്ചെലവിനും വിദ്യാഭ്യാസച്ചെലവിനുമുള്ള വക
സമ്പാദിക്കുന്നത് മാന്യതക്കുറവാണെന്ന മിഥ്യാബോധം മനസ്സിലുണ്ടാക്കുന്നതുവഴി ഭാരതീയ
വിദ്യാർത്ഥികൾക്ക് നാം ചെയ്യുന്ന ദ്രോഹം എത്ര

മാത്രമാണെന്നു പറഞ്ഞറിയിക്കുക അസാദ്ധ്യമാണ്.
-1-
നാം ചെയ്യുന്ന ദ്രോഹം സദാചാരപരവും ഭൗതികവുമാണ്; തീർച്ചയായും ഭൗതികമെന്നതിനെക്കാൾ സദാചാരപരമാണത്. സൗജന്യമായി ലഭിക്കുന്ന പാണ്
ഡിത്യം മനഃസാക്ഷിയുള്ള ഒരു വിദ്യാർത്ഥിയുടെ മനസ്സിൽ ജീവിതകാലം മുഴുവൻ ഒരു ഭാരമായി നില്ക്കും; നില്ക്കണം. തനിക്കു വിദ്യാഭ്യാസത്തിന് മറ്റാരുടെയോ സൗജന്യത്തെ ആശ്രയിക്കേണ്ടിവന്നു എന്ന് ഭാവിജീവിതത്തിൽ ഓർമ്മിപ്പിക്കപ്പെടാൻ ആരും ഇഷ്ടപ്പെടുന്നില്ല. നേരെമറിച്ച് തന്റെ മാനസികവും ശാരീരികവും ആധ്യാത്മികവുമായ വിദ്യാഭ്യാസത്തിനു വേണ്ടി ഒരു മരപ്പണിശ്ശാലായിലോ അതുപോലുള്ള മറ്റേതെങ്കിലും സ്ഥലത്തോ പണിയെടുക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ടെങ്കിൽ ആ കാലത്തെപ്പറ്റി സാഭിമാനം സ്മരിക്കാത്ത ആൾ എവിടെയുണ്ട്?

പണത്തെ ആശ്രയിച്ചിരിക്കണം ഈ പരിപാടികളെങ്കിൽ, ഈ തലമുറയിൽ ഒരു നിശ്ചിത കാലത്തിനുള്ളിൽ രാഷ്ട്രത്തോടുള്ള നമ്മുടെ ബാധ്യതകളെല്ലാം നിറവേറ്റാൻ നമുക്കു കഴിയുകയില്ല. കാരണം വിദ്യാഭ്യാസ വിഷയത്തിൽ ഒരു രാഷ്ട്രമെന്ന നിലയിൽ അത്ര പിന്നണിയിലാണ് നാം! സൃഷ്ടിപരമായ കഴിവുകൾക്കുള്ള എന്റെ

പ്രശസ്തി
നഷ്ടപ്പെട്ടാലും വേണ്ടില്ല, ഞാൻ ഒന്നു
നിർദ്ദേശിക്കാൻ ധൈര്യപ്പെടുന്നു: '' വിദ്യാഭ്യാസം
സ്വയം
പര്യാപ്തമാവണം. വിദ്യാഭ്യാസമെന്നതുകൊണ്ട്
കുട്ടിയിലും മുതിർന്നവരിലുമുള്ള ആത്മീയവും
മാനസികവും ആയ ഉത്തമാംശങ്ങളുടെ
ആവിഷ്കാരമെന്നാണ് ഞാൻ അർത്ഥമാക്കുന്നത്.
അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമല്ല;
ആരംഭവും
അല്ല. സ്ത്രീയെയും പുരുഷനെയും വിദ്യാഭ്യാസം
ചെയ്യിക്കാനുള്ള ഒരു മാർഗം മാത്രമാണത്.
അക്ഷരജ്ഞാനം തനിച്ചെടുത്താൽ വിദ്യാഭ്യാസമേ
അല്ല.
അതുകൊണ്ട് എന്തെങ്കിലും ഉപയോഗപ്രദമായ
കൈത്തൊഴിൽ പഠിപ്പിച്ചുകൊണ്ടാണ്
ഞാനൊരു
കുട്ടിയുടെ വിദ്യാഭ്യാസം ആരംഭിക്കു. അഭ്യസനം
ആരംഭിക്കുന്നതോടെതന്നെ ഉത്പാദനവും
ആരംഭിക്കുവാനുള്ള കഴിവ് അയാൾക്കുണ്ടാകും.
രാഷ്ട്രം ഈ
സ്കൂളുകളുടെ ഉത്പന്നങ്ങൾ മുഴുവൻ
വാങ്ങാനേല്ക്കുകയാണെങ്കിൽ ഓരോ സ്കൂളും
സ്വയം
പര്യാപ്തമാകും.''
ശരിയായ തരം അധ്യാപകരുണ്ടെങ്കിൽ, നമ്മുടെ
കുട്ടികളെ തൊഴിലിന്റെ മാന്യത പഠിപ്പിക്കുകയും
തൊഴിൽ ബുദ്ധിപരമായ വളർച്ചയുടെ
ഒരവശ്യഘടകമാണെന്നു മനസ്സിലാക്കുകയും

ചെയ്യും.
തങ്ങളുടെ വിദ്യാഭ്യാസത്തിനുള്ള ഏക
തൊഴിൽവഴി
സമ്പാദിക്കുന്നത് ദേശസ്നേഹത്തിനു
നിരക്കുന്നതാണെന്ന് അവരെ ബോധ്യപ്പെടുത്താനും
കഴിയും.
എന്റെ നിർദ്ദേശം ഇതാണ്: കൈത്തൊഴിൽ
ഉത്പാദനോദ്ദേശ്യം വച്ചു മാത്രമല്ല. കുട്ടികളുടെ
ബുദ്ധിശക്തി വികസിപ്പിക്കാൻ
വേണ്ടിക്കൂടിയായിരിക്കണം. പഠിപ്പിക്കുന്നത്.
രാഷ്ട്രം എഴു
വയസ്സു മുതൽ പതിന്നാലു വയസ്സസുവരെ
യുള്ള കുട്ടികളുടെ ചുമതല ഏറ്റെടുക്കുകയും
അവരുടെ ശരീരത്തിനും മനസ്സിനും
ഉത്പാദനക്ഷമമായ തൊഴിലുകൾ വഴി
പരിശീലനം നല്കുകയും
ചെയ്തിട്ടും പബ്ലിക് സ്കൂളുകൾ
സ്വയംപര്യാപ്തമാകാതിരിക്കുകയാണെങ്കിൽ അവ
വെറും
ചതിയും അവയിലെ അധ്യാപകർ വിഡ്ഢികളും
മായിരിക്കുമെന്നു തീർച്ച.''
ഓരോ ആൺകുട്ടിയും പെൺകുട്ടിയും -വെറും
യന്ത്രംപോലെയല്ല ബുദ്ധിയുള്ള ഓരോ ഘടകം
പോലെ- വിദഗ്ദ്ധമായ നേതൃത്വത്തിൽ
സംഘടിതമായിച്ചെയ്യുന്ന യത്നത്തിൽ അതീവ
താത്പര്യത്തോടെ പ്രവർത്തിക്കുന്നുവെന്നു
കരുതുക. ഈ
സംഘടിതമായ അധ്വാനം പഠന കാലത്തിന്റെ
ആദ്യത്തെ കൊല്ലം കഴിയുമ്പോഴേക്ക്

മണിക്കൂറിൽ ഒരണ നേടുന്ന നിലയിലെത്തണം
അങ്ങനെ,
ദിവസം മൂന്നു നാലു മണിക്കൂർ വീതമുള്ള
ഇരുപത്തിയാറ് അധ്യയന ദിവസംകൊണ്ട് ഓരോ
കുട്ടിയും
സമ്പാദിക്കുന്നത് മാസം ആറു രൂപ എട്ട്
അണയാവും. ദശലക്ഷക്കണക്കിനു കുട്ടികളെ
ഇത്തരത്തിൽ ആദായകരമായ തൊഴിലിൽ
ഏർപ്പെടുത്താൻ
കഴിയുമോ എന്നു മാത്രമേ ചോദ്യമുള്ളൂ.
ഒരാണ്ടത്തെ പരിശീലനത്തിനു ശേഷവും നമ്മുടെ
കുട്ടികൾ മണിക്കൂറിൽ ഒരണയെങ്കിലും ആദായം
കിട്ടത്തക്ക ജോലിക്ക് പ്രാപ്തരാകത്തക്കവണ്ണം
അവരുടെ കഴിവുകളെ തിരിച്ചുവിടാൻ നമുക്കു
കഴിയുന്നില്ലെങ്കിൽ നാം ബുദ്ധിപരമായി
പാപ്പരായിരിക്കണം. എനിക്കറിയാം,
ഇന്ത്യയിലെവിടെയും
ഗ്രാമീണർ നാട്ടിൻപുറങ്ങളിൽ മണിക്കൂറിന് ഒരണ
സമ്പാദിക്കുന്നില്ലെന്ന്.
നമ്മുടെ വിദ്യാഭ്യാസം
നിർബന്ധിതമാകണമെങ്കിൽ ഭാരതീയ ഗ്രാമങ്ങളുടെ
ആവശ്യങ്ങളെ
സംബന്ധിച്ചിടത്തോളം അത്
സ്വയംപര്യാപ്തമായിരിക്കണം.
വിദ്യാഭ്യാസച്ചെലവുകൾ നിങ്ങൾ സ്വന്തം
ജോലിയിലൂടെത്തന്നെ നിർവഹിക്കുന്നപക്ഷം,
ഭാവിജീവിതത്തിൽ ഭക്ഷ്യസമ്പാദനത്തിനുള്ള
വകയുണ്ടാക്കാൻ നിങ്ങൾക്ക് ഒരിക്കലും വിഷമം
നേരിടുകയില്ല.

2 അമൃതസ്മൃതികൾ
(വി.ടി ഭട്ടതിരിപ്പാട്, 1896–1982.
വെള്ളത്തിരുത്തിത്താഴത്ത് രാമൻ ഭട്ടതിരിപ്പാട്
എന്നു മുഴുവൻ പേർ.
കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ
പ്രധാനപ്പെട്ട ഒരു
നാഴികക്കല്ലുറപ്പിക്കുവാൻ സാധിച്ച
സാഹിത്യനായകനാണ്
വി.ടി. ദുരാചാരങ്ങളുടെ ഒരധ്യായം തിരുത്തിക്കുറിച്ച
അദ്ദേഹം ശക്തനായ
സ്വാതന്ത്ര്യസമരസേനാനികൂടിയാണ്.
വി.ടി യുടെ തിരഞ്ഞെടുത്ത, ഉപന്യാസങ്ങൾ,
കാലത്തിന്റെ സാക്ഷി, സത്യമെന്നത് ഇവിടെ
മനുഷ്യനാകുന്നു
എന്നീ ലേഖന സമാഹാരങ്ങളും, വെടിവട്ടം,
രാജനീരംഗം,
പോംവഴി, വി.ടി.യുടെ കഥകൾ എന്നീ കതാ
സമാഹാരങ്ങളും. ‘അടുക്കളയിൽ നിന്ന്
അരങ്ങത്തേ‘ക്ക് എന്ന
പ്രസിദ്ധമായ നാടകവും അദ്ദേഹത്തിന്റെ
സാഹിത്യസംഭാവനകളാണ്. കണ്ണീരും കിനാവും
എന്ന അത്മകഥയിൽ നിന്ന്
എടുത്തചേർത്ത ഹൃദയസ്പൃക്കായ
മൂന്നുസംഭവങ്ങളാണ്
അമൃതസ്മൃതികൾ)
അത്താഴം കഴിഞ്ഞ് അതുമിതും
പറഞ്ഞിരിക്കുമ്പോൾ എന്നെ പൂമുഖത്തേക്ക്
ആരോ
കൂട്ടിക്കൊണ്ടുപോയി. വലിയ ഒരു ചെല്ലം

മുമ്പിൽവച്ചു
നാലഞ്ചു നമ്പൂതിരികൾ മുറുക്കി
വെടിപറയുകയായിരുന്നു. അച്ഛൻ ഒരു ചുമരും
ചാരി
വിനീതനായി നില്ക്കുന്നുണ്ട്. കൂട്ടത്തിൽ തൂണും
ചാരിയിരിക്കുന്ന കറുത്തു തടിച്ചൊരു
മധ്യവയസ്കനെ ചൂണ്ടിക്കാട്ടി നമ്പൂതിരിപ്പാടു
പറഞ്ഞു:
''ഇദ്ദേഹമാണ് മേലേടം;നാളെ മുതൽ
മേലേടത്തിന്റെ അടുത്തിരുന്നു
ചൊല്ലിത്തുടങ്ങാം.''
ഗുരുനാഥനാകാൻപോകുന്നത് ആ വലിയ
മനുഷ്യനാണെന്നറിഞ്ഞപ്പോൾ എനിക്കു
പറയത്തക്ക
യാതൊരു സവിശേഷതയും ഉണ്ടായിരുന്നില്ല.
മേലേടം എന്നെ അടുത്തേക്കു വിളിച്ചു. ആ
റാന്തൽ വെളിച്ചത്തിന്റെ പ്രഭയിൽ എല്ലാവരുടെയും
സവിശേഷനോട്ടം എന്നിലാപതിച്ചു.
''എന്തതാ പേര്?''
'രാമൻ'
''എത്രട്ടായി?''
'ഒന്നര ഓത്തേ ആയിട്ടുള്ളു.'
''എത്ര വയസ്സായി?''
'ഒമ്പത്'
''ഇരേവരെ ചൊല്ലിച്ചതാരേ?''
'വടക്കേടത്തു നാരായണോക്കൻ'
''ആട്ടെ, ഓത്തു ചൊല്ലാൻ മോഹംണ്ടോ?
അതോ അച്ഛന്റെ ഹേമംകൊണ്ടു പോന്നതോ?
ഓർക്കാപ്പുറത്തുണ്ടായ ഈ ഒടുവിലത്തെ

ചോദ്യം എന്നെ അകം പുറം മറിച്ചു. മേനി മുഴുവൻ ചൂടു കയറി. വാസ്തവത്തിൽ എനിക്കുശേഷം മോഹമുണ്ടായിരുന്നില്ല. ഓത്തുചൊല്ലാൻ. എന്നല്ല, കാരണവൻമാരുടെ കൺമുന്നിൽപ്പെടാതെ കാടുകാട്ടി
കാലംകഴിക്കാനായിരുന്നു എന്റെ ആഗ്രഹം. ഈ പരമാർത്ഥം ഞാനെങ്ങനെ പറയും.? പുതിയ ഒരു രംഗം, ജീവിതയാത്രയിലെ ഒരു വഴിത്തിരിവ്, ചുറ്റുപാടും വലിയവർ. അതും അച്ഛന്റെ സന്നിധിയിൽ.അപ്പോൾ ഞാൻ 'മോഹംല്യാ' എന്നു പറഞ്ഞാലത്തെ കഥയെന്തായിരിക്കും? ഇങ്ങനെയുള്ള
വിചാരങ്ങൾ എന്നെ വിവശനാക്കി.

-3-

ഒമ്പതുവയസ്സുമാത്രം പ്രായമായ ഒരു മകൻ തികഞ്ഞ ബ്രാഹ്മണമധ്യത്തിൽ വച്ച് ~ഓത്തു ചൊല്ലാൻ മോഹംല്യാ' എന്നു പറഞ്ഞാൽ ആ കുട്ടിയുടെ ഭാവി അപകടത്തിലാണ്. അസത്യം പറഞ്ഞാൽ ഈശ്വരകോപം. സത്യം പറഞ്ഞാൽ കാരണവന്മാരുടെ കോപം. ഞാൻ വിവശതയോടെ മിണ്ടാതിരുന്നു.

''എന്താ കുട്ടിപ്പട്ടേരി മിണ്ടാത്തത്? മോഹംല്യാ അല്ലേ?'' മേലേടം പരിഹാസ സ്വരത്തിൽ ഒരു
നസ്യം തട്ടിവിട്ടു.

'ഉണ്ട്, മോഹംണ്ട്' ധൈര്യംപൂണ്ട് ഒരുവിധം ഞാനങ്ങനെ ഒരു നുണ പൊട്ടിച്ചു.''

എന്റെ ജീവിതദശയിൽ മനഃപൂർവം ഒരു നുണ പറഞ്ഞത് അന്നാദ്യമായിട്ടായിരുന്നു. ആ

വാക്ക് എന്റെ നാവിൽനിന്നു വീഴാൻ ഞാൻ നന്നെ പണിപ്പെടേണ്ടിവന്നു. നെറ്റിയിൽ നിന്ന് വിയർപ്പു തുള്ളികൾ ഇറ്റിറ്റുവീണു. പോലീസിന്റെ മർദ്ദനം സഹിക്കാൻ കഴിയാതെ 'കട്ടതു ഞാനാണ്' എന്ന് ഒരു പുള്ളിക്കു പറയേണ്ടിവരുന്ന സന്ദർഭത്തെ ഞാൻ
ഈ അവസരിത്ൽ അനുസ്മരിക്കുന്നു. ഈശ്വരൻ ഒരാളുടെ മുമ്പിൽവന്ന് 'നുണ പറഞ്ഞോളു, ഭയപ്പെടേണ്ട' എന്നിങ്ങനെ മർദ്ദനത്തിൽനിന്നു രക്ഷപ്പെടുത്തുവാനുപദേശിക്കുന്നതുപോലുള്ള അത്ര
വിശിഷ്ടമായ ഒരു സന്ദർഭം ഭൂമിയിൽ ഇല്ല.

എന്തായാലും മേലേടത്തിനും മറ്റുള്ളവർക്കും സന്തോഷമായി. മോഹത്തെപ്പറ്റി ഒരു നീണ്ട സംസാരം അവിടെ നടന്നു. 'എത്ര
ബുദ്ധിയുണ്ടായിട്ടും ഫലമില്ല. മോഹമില്ലെങ്കിൽ; ഉണ്ടെങ്കിലോ
അത് ഒന്നു മതി എതു മന്തന്നും വളരാനും നന്നാവാനും' മരിച്ചുപോയവരുടെയും ജീവിച്ചിരുപ്പുള്ളവരുടെയും സംഭവങ്ങളെക്കാട്ടിച്ചെയ്ത ആ
പ്രസംഘം അവരെ ആശ്വസിപ്പിച്ചല്ലെങ്കിലും എന്നെ ആവേശംകൊള്ളിച്ചില്ല. ആ അസത്യപ്രകടത്തിന്റെ പ്രത്യോഘാതം അപ്പോഴും ഒരു 'കറന്റ്' എന്നപോലെ
എന്റെ സിരാതന്തുക്കളെ ചൂടിപിടിപ്പിച്ചിരുന്നു.

''പോയി കിടന്നോളൂ.'' ആ മജിസ്ട്രേട്ടു കോർട്ടിൽ നിന്ന് അവരെന്നെ ഒഴിവാക്കി. ഒരപകടത്തിൽനിന്നൂരിപ്പോന്ന അപരാധിയുടെ

മട്ടിൽ
മനഃസ്വാസ്ഥ്യമില്ലാതെ തലയും താഴ്ത്തി ഞാൻ
അരങ്ങുത്തുനിന്നു മറഞ്ഞു.
 അന്നു ഞാൻ ഭയങ്കരമായ ഒരു സ്വപ്നം കണ്ടു.
ഒരു മങ്ങിയ സന്ധ്യാസമയത്ത് ഏറെക്കുറെ
അപരിചിതമായ ഒരമ്പലത്തിലേക്കു ഞാൻ
തൊഴാൻ
പോകുന്നു. വിജനമായ ആ പ്രദേശത്ത് അന്ധകാരം
കൂടിക്കൂടി വരുകയാണ്. നടയ്ക്കൽ പന്തലിച്ചു
നില്ക്കുന്ന ആലിൻകൊമ്പത്തു തൂങ്ങി നില്ക്കുന്ന
പടുകൂറ്റൻ വാവലുകൾ എന്റെ തലയ്ക്കു
മുകളിൽ വട്ടമിട്ടു പറക്കാൻ തുടങ്ങി. ഉച്ചത്തിലുള്ള
ശബ്ദംകേട്ട് ഞാൻ അവയെ ആട്ടിയോടിപ്പാൻ
ശ്രമം
നടത്തി. അവയ്ക്കൊരു കൂസലുമില്ല. എന്നല്ല,
എന്നെ കൂട്ടത്തോടെ ആക്രമിക്കുവാനുള്ള
ഭാവമാണെന്നെനിക്കു തോന്നി.
സന്ധ്യാകാലമായിട്ടും ആ
പ്രദേശത്ത് ഒരു മനുഷ്യനും ഇല്ല. ഞാൻ
ബലിക്കപ്പുരയിലേക്കു കടന്നു. അതിനുള്ളിലെ
മങ്ങിയവെളിച്ചത്തിൽ എന്റെ അച്ഛനതാ മലർന്നു
കിടക്കുന്നു. ഒരു സത്വം വയറ്റത്തു കയറിയിരുന്ന്
അതിന്റെ കൂർത്തു നീണ്ട നഖങ്ങളെക്കൊണ്ട്
അച്ഛന്റെ ദേഹമതാ മാന്തിപ്പൊളിക്കുന്നു!
 ''അയ്യയ്യോ'' ഞാൻ പേടിച്ചരണ്ടു
നിലവിളിച്ചു. ഉടനെ ആ സത്വം അച്ഛനെ വിട്ട് എന്റെ
നേർക്കു തിരിഞ്ഞു. ''കള്ളാ, ഓത്തുചൊല്ലാൻ
മോഹമുണ്ടോ നിനക്ക്?''ആ ഭീമാകാരം എന്റെ
നേർക്ക് മുഷ്ടിചുരുട്ടി. എന്തൊരു

ബീഭത്സരൂപം! കറുത്തിരുണ്ട് ശരീരം, വട്ടത്തടി,
നാളികേരപ്പൂളുപോലുള്ള ദംഷ്ട്രകൾ, തീക്കട്ടക്കണ്ണ്,
തുടുതുടുത്ത നാവ് ഇങ്ങനെ കരിങ്കുരങ്ങിന്റെ
മട്ടിലുള്ള ആ സത്വം എന്റെ നേർക്കൊരു ചാട്ടം.
ഞാൻ
ആളിക്കത്തി. പെട്ടെന്ന് നടയ്ക്കൽ നിന്നൊരു
മണിമുഴക്കം. ശ്രീകോവിൽ നട തുറന്നു.
കാവിമുണ്ടും ചൂരൽ വടിയുമായി ഒരു
വൃദ്ധബ്രാഹ്മണൻ ഞങ്ങളുടെ അടുത്ത്
ഓടിയെത്തി.

''ശപ്പ! കുട്ടികളെ ദ്രോഹിക്കേ!'' എന്നെ
വിഴുങ്ങാൻ വാ പിളർത്തി നില്ക്കുന്ന ആ
ഭയങ്കരാകാരനെ നാലഞ്ചടിച്ചു. അദ്ഭുതമെന്നേ
പറയേണ്ടൂ,
ആ ജന്തുവിന്റെ വായിൽ നിന്ന് ഒരു ധൂമപടലം
നിർഗ്ഗളിച്ചു. ഒരഗ്നിനാളം അവിടെ
കത്തിയമർന്നു. കാവിവസ്ത്രക്കാരനും ആ
സത്വവും
അതോടെ അപ്രത്യക്ഷമായി.

ഞാൻ ഞെട്ടിയുണർന്നു കൺമിഴിച്ചു.
ഇതൊക്കെ ഒരു സ്വപ്നമാണെന്ന ബോധം
വന്നുവെങ്കിലും
വിയർത്തു കുളിച്ച എന്റെ കിതപ്പും മാറാൻ
പിന്നെയും സമയമെടുത്തു. എന്റെ ജീവിതത്തിൽ
പരോപദ്രവമില്ലാത്ത ചില അസത്യവാക്കുകൾ
തമാശയ്ക്കായി ഞാനുപയോഗിച്ചിട്ടുണ്ടാകാം. ആ
ദുശ്ശീലത്തിൽ നിന്നു രക്ഷപ്പെടാൻ ഞാൻ
അധ്വാനിക്കാറുണ്ട്. ഒന്നുതീർച്ച; ഏതൊരു
വ്യക്തിയെയും

അപകടത്തിലാക്കുന്ന യാതൊരസത്യവും ഞാൻ
പറഞ്ഞിട്ടില്ല.
ഈ ദൃഢനിശ്ചയം പല ആപത്ഘട്ടങ്ങളിൽ നിന്നു
എന്നെ രക്ഷിച്ചിട്ടുണ്ട്. സത്യം സ്വത്തിനേക്കാൾ
വിലപിടിച്ച മൂലധനമാണ്- ജീവിതയാത്രയിൽ
'ചെക്കുബുക്കി'നെക്കൾ അതുപകരിക്കും, തീർച്ച.
എന്നെ ഓത്തുചൊല്ലിച്ചിരുന്ന കുഞ്ചുണ്ണി
നമ്പൂതിരിപ്പാടും ഒരു ശുദ്ധഹൃദയനായിരുന്നു
നമ്പൂതിരിപ്പാട് നാലു നാഴിക
പുലരാനുള്ളപ്പോൾ ഉണർന്നെഴുന്നേല്ക്കും.
എന്നെയും
വിളിച്ചുണർത്തും. പകലത്രയും അദ്ദേഹത്തിന്റെ
കൈവട്ടകയ്ക്കുള്ളിൽ കഴിച്ചുകൂട്ടണം. മനസ്സ്
എപ്പോഴും ഏകാഗ്രമാക്കി നിറുത്തണം. ശ്രദ്ധ
പാളിപ്പോവുമ്പോൾ അദ്ദേഹം ക്ഷുഭിതനാവും
ശാസിക്കും. ശിക്ഷിക്കും. ശിക്ഷാവിധി
മൃഗീയമായിരുന്നു. കഥകളിയിലെ കത്തിവേഷം
മൂക്കത്തൊട്ടിക്കാറുള്ള മുഖപ്പൂപോലെ
പച്ചച്ചാണകമുരുട്ടി
എന്റെ മൂക്കത്ത് പറ്റിച്ചു കൈമുട്ടുകൾ നിലത്തു
മുട്ടുമാറ് നൂറുതവണ എന്നെ
ഏത്തമിടുവിച്ചിട്ടുണ്ട്. അബദ്ധത്തിന് ആ
പച്ചച്ചാണക്തിന്റെ
ഉരുള വീണുപോയാൽ
അശ്രദ്ധകൊണ്ടാണെന്നാക്ഷേപിച്ച് മുതുകത്തു
പ്രഹരിക്കുകയും ചെയ്യും.
സന്ധി എന്ന ഒന്നില്ല. ബീഭത്സമായ ഈ
ശിക്ഷാനടപടിയിൽ നിന്നു രക്ഷപ്പെടാനുള്ള
മാർഗ്ഗം ഞാൻ

കണ്ടെത്തിയതുമില്ല. അമർഷം എന്റെ മനസ്സിൽ

ഉമിത്തീപോലെ നീറാൻ തുടങ്ങി. മുഖം വീർപ്പിച്ചു കൊാണ്ട് അനാദരം പ്രദർശിപ്പിക്കുവാനല്ലാതെ മറ്റൊന്നിനും എന്നെക്കൊണ്ടായില്ല. 'തിമിഴൻ' എന്ന ദുർ
വ്യാഖ്യാനത്തോടെ ശിക്ഷാസനപ്രദായം കൂടുതൽ കർശനമാക്കുകയാണ് അപ്പോൾ അദ്ദേഹം ചെയ്യുക.
ക്രമേണ ഞാൻ പാടെ ഭഗനാശനായിത്തീർന്നു.
ഒരുനാൾ രാവിലെ എനിക്കു
നിശ്ചയിച്ചിരുന്ന സൂര്യനമസ്കാരം ക്ഷണത്തിൽ കഴിച്ച് ഞാൻ
പോവാനൊരുങ്ങി. അദ്ദേഹം സമയം നോക്കി. നിശ്ചിത സമയമായില്ല. അതിനാൽ അദ്ദേഹം പരിഹാസസ്വരത്തിൽ പറഞ്ഞു: ''അവനവനു വേണംച്ചാൽ ഒക്കെ വേഗം കഴിക്കാം, അല്ലേ? നേരമായില്ല. ഒരോത്തുംകൂടി
നമസ്കരിച്ചിട്ടുപോയാൽ മതി.'' ഞാൻ മടിച്ചുനിന്നു. നിർബന്ധം
മുറുകിയപ്പോൾ മനസ്സില്ലാ മനസ്സോടെ മൂളി ച്ചൊല്ലിക്കൊണ്ട് ഞാൻ അതാരംഭിച്ചു. എന്റെ അനുസരണമില്ലായ്മ അദ്ദേഹത്തെ അരിശംകൊള്ളിച്ചു.
''പറഞ്ഞതു കേൾക്കണം; ഇല്ലെങ്കിൽ കടന്നു പോ കഴുതേ.'' ചമതക്കെട്ടിൽ നിന്ന് ഒരു കോൽ വലിച്ചെടുത്ത് അദ്ദേഹം എന്നെ പ്രഹരിച്ചു. ആ കോൽ നടുക്കുവച്ചു പൊട്ടി. തികച്ചും കാരണമില്ലാതെയുള്ള ഈ ശിക്ഷ എന്നെ

ഒന്നമർത്തുവാൻ
മാത്രമാണെന്ന് എനിക്കു തോന്നി. എനിക്കും
ശുണ്ഠിവന്നു. പ്രതികാരംചെയ്‌വാൻ കഴിവില്ലാത്ത
ഞാൻ ദഒരു പകവീട്ടലിന്റെ മനോഭാവത്തോടെ
പിന്നിൽ നിന്ന് അദ്ദേഹത്തെ ‘ചക്കകൊട്ടുക‘യും
‘കൊ◌ാഞ്ഞനംകുത്തുക‘യും ചെയ്തു.
ഞങ്ങൾക്കെതീരെ തൂണിന്മേൽ തറച്ച
കണ്ണാടിയെപ്പറ്റി ഞാൻ
ചിന്തിച്ചില്ല. എന്റെ ഈ ചേഷ്ടകൾ ആ
കണ്ണാടിയിൽ പ്രതിഫലിച്ചു. തെ◌ാഴുകൈയോടെ
അതിന്റെ
നേരെ നിന്നിരുന്ന അദ്ദേഹം ക്ഷോഭിച്ചുവശായി.
കലികയറിയ കോമരംപോലെ അദ്വേഹം ആ
കുളപ്പുരയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.
അകത്തിയകാൽവെപ്പോടെ മുഖം താഴ്ത്തിപ്പിടിച്ച്
ഒടുവിൽ
ഇതികർത്തവ്യതാമൂഢമായി തലകുനിച്ചു
നില്ക്കുന്ന എന്റെ നേരെ തിരിഞ്ഞു പറഞ്ഞു:
‘‘ഒ◌ാത്തു നിർത്തി, പെ◌ായ്ക്കോളൂ.
എന്നെക്കെ◌ാണ്ടാവില്ല മേലിൽ ചെ◌ാല്ലിക്കാൻ.’’
ഈ
വാക്കുകൾ പറയുകയല്ലാ ഉണ്ടായത്. ശുണ്ഠി,
ജാള്യം,
വ്യസനം എന്നീ വിവിധ വികാരങ്ങളാൽ മുഖത്തു
നിന്നു പെ◌ാട്ടിപ്പുറപ്പെടുകയാണ് ഉണ്ടായത്. ഈ
പ്രകൃതമാറ്റം കണ്ടു ഞാൻ അമ്പരന്നു. എന്റെ
അവിവേകത്തെക്കുറിച്ചും പശ്ചാത്താപവും തോന്നി.
‘‘നില്ക്കണ്ട, പെ◌ായ്ക്കോളൂ.’’ അദ്ദേഹം
ഉറക്കെ വിളിച്ചു പറഞ്ഞു. കുറ്റബോധത്താൽ

പൊറുതികെട്ട എനിക്കു കരച്ചിൽ വന്നു.
മറ്റൊന്നും
ചെയ്യാനില്ലാത്ത ഞാൻ അദ്ദേഹത്തിന്റെ കാല്ക്കൽ
വടിപോലെ വീണു തേങ്ങിക്കേണപേക്ഷിച്ചു:
''എനിക്കബദ്ധം പറ്റിപ്പോയി. എന്നെ രക്ഷിക്കണം.
ഇനി
മേലിൽ.....''
തൊണ്ടയിടർച്ചയാൽ മുഴുമിക്കുവാൻ എനിക്കു
സാധിച്ചില്ല. കാട്ടാളാകൃതി കൈക്കൊണ്ട
കൈലാസനാഥൻ അർജ്ജുനനെ എന്നപോലെ
അദ്ദേഹം
എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു.
''രാമൻ ചെയ്തതു ഗുരുനിന്ദയാണ്.
ഉമിത്തീയിൽ ദഹിച്ചാലും തീരാത്ത
പാപകർമ്മമാണത്.
പക്ഷേ, ഞാൻ ക്ഷമിച്ചിരിക്കുന്നു. രാമൻ
നന്നാവാനാണ് ഞാൻ ഇതൊക്കെ ചെയ്യുന്നത്.
എന്റെ ശിക്ഷ
കുട്ടികൾക്കു താങ്ങാൻ വയ്യാത്തവണ്ണം
ഏറിപ്പോകുന്നുവെന്നു ഞാനറിഞ്ഞില്ല. ഇപ്പോ
എനിക്കു
മനസ്സിലായി, കിടാങ്ങളില്ലാത്ത ഞാൻ ഒരു
കാടനാണെന്ന്.''
അദ്ദേഹം തെല്ലിട നിർത്തി നെടുതായൊന്നു
നിശ്വസിച്ചു. ''രാമനെത്ര കാലം ഇവിടെ പാർക്കാൻ
തോന്നുന്നു, അത്രയും കാലം പാർക്കാ.ം ചങ്ങത
മുഴുമിക്കാൻ മോഹംണ്ടെങ്കിൽ 'കാവു'
ചൊല്ലിക്കും.
ഞാൻ കാവിനെ പറഞ്ഞേല്പിക്കാം. ഇനി മേലിൽ

ഞാൻ ആരെയും ഓത്തുചെൊല്ലിക്കാൻ ഭാവംല്യ.’’
 അദ്ദേഹം ‘സ്വാധ്യായ‘ത്തിനായി
കുളക്കടവിലേക്കിറങ്ങി. ഞാൻ വേദനാജനകമായ
മനോരാജ്യത്തിലേക്കും.
സായന്തനക്കാറ്റേറ്റ് പടിഞ്ഞാറെ
ആലിൻചുവട്ടിൽ എന്തോ മനോരാജ്യത്തിലാണ്ടു
നില്ക്കുകയായിരുന്നു ഞാൻ, കച്ചത്തോർത്തു
മാത്രമുടുത്ത്
ചെറിയൊരോലക്കുടക്കാലിൽ തൂക്കിയിട്ട
പുസ്തകസഞ്ചിയുമായി. തിയ്യാടി നമ്പ്യാരുടെ
ചെറിയ
പെൺകുട്ടിയുണ്ട് അപ്പോൾ ആ വഴി വരുന്നു.
ഇളകിമറിയുന്ന ആലിലച്ചാർത്തിന്നിടയിൽക്കൂടി
വാർന്നുവീഴുന്ന അസ്തമയ സൂര്യന്റെ
കിരണകന്ദളം
ആ കൊച്ചുബാലികയുടെ ശൈശവത്തിന്നൊരു
ദൈവിക പരിവേഷമുളവാക്കി.
ഉച്ചഭക്ഷണമില്ലാത്തതുകൊണ്ടുള്ള വിശപ്പും
വഴിനടന്ന വിയർപ്പുംകൊണ്ട്
 ആ കുട്ടി നന്നേ വിവശയായിരുന്നു. തെല്ലിട
സംശയിച്ചനിന്നശേഷം പെട്ടെന്നു തന്റെ സഞ്ചിയിൽ
നിന്ന് ഒരു നോട്ടുപുസ്തകം വലിച്ചെടുത്ത് അവൾ
എന്നെ സമീപിച്ച് ഈണക്കത്തോടെ കെഞ്ചി:
 ‘‘ഈ കണക്കൊന്നു പറഞ്ഞുതരാമോ? നാളെ
ചെയ്തുകൊണ്ടു ചെല്ലാഞ്ഞാൽ മാസ്റ്റർ എന്നെ
പുറത്തു നിർത്തും.’’
 അവളുടെ വിടർന്ന നയനങ്ങൾ പ്രതീക്ഷയോടെ
എന്റെ മുഖത്തു പറ്റിനിന്നു. നോട്ടു പുസ്തകം
മേടിച്ച് അതിലെ വെളുത്ത കടലാസിൽ കുനിയ

നുറുമ്പു നിരയിട്ടപോലെ കാണായ കറുത്ത
അക്ഷരങ്ങളിൽ നോക്കി ഞാനങ്ങനെ നിന്നു.
യാതൊന്നും
എനിക്കു മനസ്സിലായില്ല. ലജ്ജകൊണ്ടു ഞാൻ
ഇല്ലാതായി. കാഴ്ച മങ്ങിപ്പോയി. കുനിഞ്ഞിരുന്നു
ഞാനൊന്നു നെടുവീർപ്പിട്ടു. 'എനിക്ക് അക്ഷരം
പോലും വായിക്കാനറിയില്ലല്ലോ' എന്ന് ആ
ഇത്തിരിയോളം പോന്ന പെൺകുട്ടിയോട്
മീശകുരുത്ത
ഞാനെങ്ങനെ പറയും? പൊങ്ങച്ചംകൊണ്ടു
പുളഞ്ഞ
എന്റെ മനസ്സമാധാനം തകർന്നുടഞ്ഞു. നന്നെ
കുട്ടിക്കാലത്ത് വിജയദശമി ദിവസം കുളിച്ചു
കോടിമുണ്ടുടുത്തു പൂവും പ്രസാദവും ചൂടി
ആവണിപ്പലകമേലിരുന്ന് ഭദ്രദീപത്തിന്റെ
മുന്നിൽവച്ച്
മോതിരവിൽകൊണ്ടു മണലിൽ 'ഹരിഃ ശ്രീഗണ
പതയേ നമഃ' എന്നു
കുത്തിവരയ്ക്കേണ്ടിവന്നപ്പോൾ കൈവിരൽ
നൊന്തതിനാൽ കവിളത്തു കൂടെ
കിനിഞ്ഞിറങ്ങിയ കണ്ണുനീരിന്റെ പുളിപ്പ് വീണ്ടും
എനിക്കനുഭവപ്പെട്ടതന്നാണ്.

–5–

''കുട്ട്യോളൊക്കെ എപ്പൊപ്പോയതാ
സ്കൂളുവിട്ടിട്ട്? വഴീല് കണ്ടോരോടൊക്കെ
കൊണ്യാരം
പറഞ്ഞങ്ങനെ നില്ക്കും. എന്നിട്ടിരുട്ടാവും
അകായിലെത്തുമ്പോൾ'' പിന്നിൽ നിന്ന് അമ്മയുടെ
ശാസന കേട്ട് അവൾ വീട്ടിലേക്കോടിമറഞ്ഞു.

അങ്ങനെ ആ കുട്ടിയിൽ നിന്ന് ഞാൻ തത്കാലം രക്ഷപ്പെട്ടു. പക്ഷേ, മനസ്സിലെ അസ്വാസ്ഥ്യത്തിൽ നിന്ന രക്ഷപ്പെടാൻ എനിക്കു കഴിഞ്ഞില്ല.

ആ രാത്രി മുഴുവൻ ഞാൻ എന്റെ ഭാവിയെപ്പറ്റി ചിന്തിച്ചു. വിജ്ഞാനം നേടിയേ അടങ്ങൂ എന്ന് ആ .ഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. പിറ്റേ ദിവസംതന്നെ പത്തു വയസ്സിലേറെ പ്രായമാകാത്ത ആ തയ്യാടിപ്പെൺകുട്ടിയുടെ ശിഷ്യത്വം ഞാൻ കൈക്കൊള്ളുകയും ചെയ്തു. ഒരു സ്ലേറ്റിൽ അവൾ എനിക്ക് അമ്പത്തൊന്നക്ഷരങ്ങൾ എഴുതിത്തന്നു. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ലോകം കൂർക്കംവലിച്ചുറങ്ങുമ്പോൾ ഞാൻ ആ അക്ഷരങ്ങൾ വായിലിട്ടു ചവച്ചു; വിറയാർന്ന കൈവിരൽകൊണ്ട് വീണ്ടും വീണ്ടും കുത്തിക്കുറിച്ചു.

പറന്നെത്തിയ ഒരു തീപ്പൊരി, ചിതറിക്കിടക്കുന്ന ഉണങ്ങിവരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതുപോലെയായിരുന്നു അത്. പണപ്പായസത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടു വന്ന കടലാസ് തിടപ്പള്ളിയുടെ മേല്പടിക്കുണ്ടിൽ സൂക്ഷിച്ചുവച്ചിരുന്നത് ആളൊഴിഞ്ഞ സമയത്ത് ഞാനെടുത്തു വായിക്കാൻ തുടങ്ങി. ഏതാനും ഭാഗം കീറിയും

ശർക്കരകിനിഞ്ഞതുകൊാണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ
കടലാസു തിരിച്ചും മറിച്ചും
പരിശോധിക്കുന്നുതിനിടയിൽ തലപൊാക്കി നില്ക്കുന്ന ഒരു മൃഗത്തിന്റെ
ചിത്രമുള്ള പരസ്യം കണ്ണിൽപ്പെട്ടു. അതിന്നടിയിൽ വലിയ അക്ഷരത്തിൽഅച്ചടിച്ചിരുന്ന 'മാൻ മാർക്ക് കുട' എന്ന വാക്യം ആദ്യമായി പണിപ്പെട്ടു കൂട്ടി വായിച്ചപ്പോൾ എന്റെ മനസ്സിൽ നിന്നൊാരു ആഹ്ലാദധ്വനി വിനിർഗ്ഗളിക്കയുണ്ടായി. 'മാൻ മാർക്ക് കുട' എന്ന ആ ശബ്ദം എത്ര തവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല. ആ അയ്യപ്പൻകാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടി പെൺകുട്ടി കൊാളുത്തിത്തന്ന കെടാവിളക്കാണ് പില്ക്കാലജീവിതത്തിൽ എനിക്കു മാർഗ്ഗനിർ~.
ദ്ദേശം നല്കിയ
മഹാജ്യോതിസ്സെന്നോർക്കുമ്പോൾ
കൃതജ്ഞതകൊാണ്ട് എന്റെ കണ്ണുകൾ
നിരഞ്ഞുപോകുന്നു.

3. സി.വി.യുടെ മാനസപുത്രി
(സി.വി. രാമൻപിള്ള 1853-1922)-
'കേരളത്തിലെ സ്ക്കോട്ട്' എന്നറിയപ്പെടുന്ന സി.വി. മലയാളത്തിലെ പ്രഥമ ചരിത്രാഖ്യായികയായ മാർത്താണ്ഡവർമ്മയുടെ കർത്താവാണ്.
1891-ലാണ് ഇത് പ്രകാശിതമകയത്.
1913-ൽ ധർമ്മരാജായും 1917-നും 1920-നുംമിടയ്ക്ക് രാമരാജാബഹദൂറും പ്രസിദ്ധീകൃതങ്ങളായി.
ഇവയ്ക്കു പുറമെ
പ്രേമാമൃതം എന്നൊാരു സാമൂഹിക നോവലും

മലയാള ഗദ്യ
നാടകപ്രസ്ഥാനത്തിന് നാന്ദികുറിച്ച ഏതാനും
പ്രസഹനങ്ങളുംകൂടി അദ്ദേഹം എഴുതിയിട്ടുണ്ട്.
 മാർത്താണ്ഡവർമ്മയിലെ ഉജ്ജ്വല കഥാപാത്രമായ
സുഭദ്ര മറനീക്കി രംഗത്തുവരുന്ന ഈ
സാഹിത്യഖണ്ഡത്തിൽ
നാടകീയത മുറ്റിനില്ക്കുന്നു.)
 ''പപ്പൂ, നീ ഇവിടെ നില്ക്കണം. തങ്കം
ഭ്രാന്തനെയും മറ്റും ഇന്നു വിടും.
വിടുകയാണെങ്കിൽ
അവരുടെ പുറകെ നീ എത്തി അവർ പറയുന്നതും
എങ്ങോട്ടു പോകുന്നു എന്നുള്ളതും അറിഞ്ഞ്
എന്നോടുവന്നു പറയണം.'' ഈവിധമായ ഒരു
ആജ്ഞ ഗൂഢമായി കൊാടുത്തതിനു ശേഷം
സുഭദ്ര
ചെമ്പകശ്ശേരിയിൽ നിന്നു വേഗത്തിൽ തന്റെ
ഭവനത്തിലെത്തി.
 അവിടെ കഴക്കൂട്ടത്തുപിള്ളയൊാന്നിച്ച് മറ്റു
എട്ടുവീട്ടിൽപ്പിള്ളമാരും ചില ജന്മിമാരും
ഗൃഹസ്ഥന്മാരും വിശേഷിച്ചു
ചെമ്പകശ്ശേരിയിലെ
മൂത്തപിള്ളയും സുന്ദരയ്യനും അഗ്രാസനത്തിൽ
വലിയ തമ്പിയും ഉപാധ്യക്ഷനായി ശ്രീരാമൻതമ്പി
അങ്ങുന്നും കൂടി ചില ആലോചനകൾ നടത്തുന്നു.
എട്ടുവീട്ടിൽ പിള്ളമാരും ജന്മിമാരും അനുജൻ
തമ്പിയും മറ്റും, കുടമൺപിള്ളയുടെ
നിയമസ്ഥാനത്ത് പാണ്ഡവദൂതനായ
യദുകുലനാഥനെ കണ്ട
ദുര്യോധനനെപ്പോലെ ഉത്കടമായ

മദംപൂണ്ടിരിക്കുന്ന വലിയ തമ്പിയെ ചുറ്റി
ഓച്ഛാനിച്ചു
നില്ക്കുന്നു. വേൽക്കാരെ സംബന്ധിച്ചു
യുവരാജാവു കൊടുത്ത കല്പന തമ്പി അറിഞ്ഞ
ഉടനെ
തന്നെ വേൽക്കാരെ വരുത്തി ആയുധങ്ങൾ
വയ്പ്പിച്ച് സകലരോടും അവരവരുടെ
ഗൃഹത്തിലേക്കു
പോകുന്നതിനു നിയോഗിച്ചു. നാഞ്ചിനാട്ടുനിന്നും
മറവർ മുതലായി അഞ്ഞുറോളം ജനങ്ങളെ
ചേർത്തു
കൊണ്ട് തന്റെ അനുജൻ അതിന് ഒരു
നാഴികയ്ക്കു
മുമ്പിൽ വന്നുചേർന്നിരുന്നതിനാൽ ഇങ്ങനെയുള്ള
ഏർപ്പൊടു ചെയ്യുന്നതിൽ ഏതും
സംശയമുണ്ടായില്ല
വേൽക്കാരെ പിരിച്ചയച്ചതിന്റെ ശേഷം
അനുജനോടും ചെമ്പകശ്ശേരി മൂത്തപിള്ളയോടും
ഒരു
മിച്ച് തമ്പി കുടമൺപിള്ളയുടെ വീട്ടിലേക്കു
യാത്രയായി. അക്കഥ പപ്പു പറഞ്ഞറികയാൽ,
സുഭദ്രയും അവിടെ എത്തി. ആലോചനകൾ
അധികം നേരത്തേക്കുണ്ടായിരുന്നില്ല.
ചെമ്പകശ്ശേരി മൂത്ത പിള്ള മുതലായ ഭീരുക്കൾ
മാത്രം
തിരുമുഖത്തു പിള്ള വരുന്നതുവരെ യാതൊരു
കൃത്യവും നടത്തിക്കൂട്ടുന്നതല്ലെന്ന്
അഭിപ്രായപ്പെട്ടു. എന്നാൽ തമ്പിമാർ മേലിൽ
അരനാഴികപോലും ക്ഷമിക്കുന്നതല്ലെന്നു ശപഥം

ചെയ്കയാൽ
ആ രാത്രികൊണ്ട് രാജ്യക്ഷേമത്തിന്
അത്യാവശ്യമായിട്ടുള്ള ഒരു കൃത്യത്തെ
നടത്തിക്കൊള്ളുമാറ് അധികം
-7-
പേർ സമ്മതിച്ചു. ഓരോരുത്തർ അജബലി
മുതലായ നേർച്ചകളും നേർന്ന് ക്രിയയ്ക്കു
ആരംഭിച്ചു.
ഇതിനിടയിൽ യുവരാജാവ് തന്റെ ദിനാന്ത
കൃത്യങ്ങളിൽ അന്ന്
അനുഷ്ഠിക്കാവുന്നവയെകഴിച്ചിട്ട് പള്ളിയറയിൽ
പ്രവേശിച്ചപ്പോൾ പരമേശ്വരൻ
പിള്ള അകത്തു കടന്ന് മാങ്കോയിക്കൽ കുറുപ്പിന്റെ
അനന്തരവരിൽ നാലുപേർ മുഖംകാണിക്കാൻ
വന്നിരിക്കുന്നു എന്നറിയിച്ചു. യുവരാജാവ്
സന്തോഷത്തോടു കൂടി അവരെ വിളിക്കുന്നതിനു
കല്പിച്ചു.
ഇവർ തിരുമുമ്പിൽ പ്രവേശിച്ചപ്പോൾ യുവരാജാവ്
അവരെ ആദരപൂർവം കടാക്ഷിച്ചിട്ട് ''അമ്മാവനെ
കാണാൻ കഴിഞ്ഞോ'' എന്നു ചോദിച്ചു. അതു
സാധിച്ചില്ലെന്നും, അദ്ദേഹത്തിന്റെ ഭടന്മാരിൽ
വെങ്ങാനൂർ പിള്ളയുടെ സേനയാൽ
പരാജിതന്മാരാക്കപ്പെട്ടവരിൽ ശേഷിച്ചവരായ
നൂറിലധികം
ആളുകൾ പശ്ചിമമാർഗ്ഗമായി തിരുവനന്തപുരത്ത്
എത്തിയിട്ടുണ്ടെന്നും, അദ്ദേഹത്തിനെ കാണാൻ
കഴിഞ്ഞില്ലെങ്കിൽ നിസ്സംശയമായി എട്ടുവീട്ടിൽ
പിള്ളമാരുടെയും അവരുടെ
പാർശ്വത്തിലുള്ളവരുടെയും ഗൃഹങ്ങളെ ചതിയാൽ

ഭസ്മമാക്കാൻ
നിശ്ചയിച്ചിട്ടുണ്ടെന്നും ഭടന്മാർ മണക്കാട്ടു
പഠാണിപ്പാളയത്തിനടുത്തു താമസിക്കുന്നു എന്നും
അറിയിച്ചു. ഈ വർത്തമാനം കേട്ടുണ്ടായ
സന്തോഷത്തോടുകൂടി കുറുപ്പിന്റെ സ്ഥിതി ഓർത്ത്
ആരും
അദ്ദേഹത്തിനെ നിഗ്രഹിക്കുന്നതല്ലെന്നും, അദ്ദേ'
ഹത്തിനെ ബന്ധനത്തിൽ നിന്നു വിടുവിക്കാൻ
ശ്രമിക്കയല്ലാതെ അവിവേകങ്ങൾ ഒന്നും
പ്രവർത്തിക്കരുതെന്നും കല്പിച്ചിട്ട് യുവരാജാവ്
ഇങ്ങനെ
ഒരു ചോദ്യം ചെയ്തു. ''കുറുപ്പ് നമുക്കു വേണ്ടി
ആളുകളെ ചേർക്കാൻ പോയതിൽ ഒന്നും
സാധിച്ചില്ല ഇല്ലേ?''
കൃഷ്ണക്കുറുപ്പ്: '' അമ്മാവൻ കല്പന പ്രകാരം
തിരുമുഖത്തുപിള്ളയെ കൊാല്ലാൻ ശ്രമിച്ചു
എന്ന് ആ ദിക്കുകളിലെല്ലാം ഒരു കഥ
പരന്നി രിക്കുന്നു. എന്നു മാത്രമല്ല, ഭൂതപ്പാണ്ടിയിൽ
ചെന്നപ്പോൾ ദളവാ അദ്ദേഹം അമ്മാവന്റെ
വാക്കുകളെ വിശ്വസിക്കാതെ
അപമാനിച്ചയ യ്ക്കുകയും ചെയ്തു.''
യുവരാജാവ്: ''എന്താശ്ചര്യം! അതെങ്ങനെ
സംഭ വിച്ചു? (വിപരീതാർത്ഥമായി) നമ്മെ
സഹാ യിച്ചു തുടങ്ങിയ അന്നു മുതൽ കുറുപ്പിന്
വലുതായ ശ്രേയസ്സുതന്നെ!''
കൃഷ്ണക്കുറുപ്പ്: '' (അപേക്ഷയായി) അങ്ങനെ
കല്പ്പിക്കേണ്ട. ശ്രേയസ്സുതന്നെ എന്നാണ്
അടിയങ്ങൾ പഴമനസ്സിൽ
വിചാരിക്കുന്ന ത്''

യുവരാജാവ്: ''എന്റെ മനസ്സിനു സമാധാനം
വരുന്നില്ലല്ലോ.''
കൃഷ്ണക്കുറുപ്പ്: ''അമ്മാവനാകട്ടെ,
അടിയങ്ങൾ ക്കാകട്ടെ, തൃപ്പാദത്തിലേക്കു വേണ്ടി
ചെയ്ത
ശ്രമങ്ങളിൽ വന്നിട്ടുള്ള യാതൊരു
നഷ്ടത്തി നെയും അപമാനത്തിനെയും കുറിച്ചു
വ്യസന മില്ല.''
യുവരാജാവ്: ''നിങ്ങളെപ്പോലെ വേറൊരു
കുടും ബവും എന്നെ സ്നേഹിച്ചും സഹായിച്ചും
വന്നു. തിരുമുഖത്തുപിള്ളയെക്കുറിച്ചാണ്
ഞാൻ പറയുന്നത്. അദ്ദേഹത്തിനും
വലു തായ ഒരു വ്യസനം വന്നുകൂടി. കിളിമാനൂർ
ജ്യേഷ്ഠന്റെ കഥ കേട്ടിരിക്കുമല്ലോ.
ആക പ്പാടെ നമ്മെ സഹായിക്കാൻ ഇനി ആളുകൾ
ദുർല്ലഭമാകും. ആട്ടെ, നിങ്ങൾ നാളെ രാവിലെ
ഇവിടെ വന്ന് രാമയ്യനെ കാണണം. വേണ്ട
തെല്ലാം അയാളോട് ആലോചിച്ചുനടത്തണം.''
''കല്പന'' എന്നു പറഞ്ഞുകൊണ്ട്
മാങ്കോയിക്കൽ കുറുപ്പിന്റെ അനന്തരവർ
തിരുമുമ്പിൽ
നിന്ന് പുറപ്പെട്ടു. യുവരാജാവ്
നിദ്രയ്ക്കാരംഭിച്ചു. കുറച്ചു നേരം
ചിന്താഗ്രസ്തനായി
കിടന്നിട്ട് പരമേശ്വരൻപിള്ളയെ അടുത്തുവിലിച്ച്
ഇപ്രകാരം പറഞ്ഞു: ''പരമേശ്വരാ, ഈ
ആപത്തുകൾ ഒഴിഞ്ഞ് പ്രജകളെ ക്ഷേമത്തോടും
സമാധാനത്തോടും കൂടി ഭരിക്കാൻ സംഗതിവരുന്ന
അന്ന്

എന്റെ രാജ്യവും കിരീടവും ശ്രീപദ്മനാഭന്റെ അധീനത്തിലാക്കി അവിടത്തെ ദാസനായ ഞാൻ രാജ്യ
ഭരണം തൃപ്പടിയിൽ നിന്ന് ഏല്ക്കുന്നുണ്ട്. ശ്രീപദ്മനാഭൻ തന്നെ നമ്മെയും കുടുംബത്തെയും പ്രജകളെയും രാജ്യത്തെയും സർവ്വഥാ കരുണയോടു
കൂടി രക്ഷിക്കണം.''

മാർത്താണ്ഡവർമ്മ യുവരാജാവിന്റെ ഹൃദയ പൂർവമായുള്ള ഈ പ്രാർത്ഥനയും എട്ടുവീട്ടിൽ പിള്ളമാരുടെ നേർച്ചകളും ഏകദേശം ഒരേ മുഹൂർത്തത്തിലായിരുന്നു. ഇപ്രകാരം, തന്നെയും തന്റെ
സർവ്വസ്വത്തെയും
അഖിലലോകസൃഷ്ടിഭരണകർത്താവായ സത്യസ്വരൂപങ്കൽ സമർപ്പണം ചെയ്തതിന്റെ ശേഷം അതിബുദ്ധിമാനും ഗംഭീരനും
ആയിരുന്നു എങ്കിലും, പ്രായത്തിനു പരിപക്വതയും അതിനാൽ ബുദ്ധിക്കു പുരുഷാഹങ്കാരവും
പൂർണ്ണമായി പ്രാപിക്കാതെ ഇരുന്ന ആ യുവാവായ രാജകുമാരൻ മനശ്ചാഞ്ചല്യങ്ങൾ നീങ്ങി നിദ്രയ്ക്കാരംഭിച്ചു. ക്ഷണേന നിർബാധമായുള്ള സുഖനിദ്രയിൽ ആയി.എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ
പരമേശ്വരൻപിള്ളയുടെ ഝടിതിയിലുള്ള വിളികളാൽ യുവരാജാവ് സുഷുപ്തിസദൃശമായ നിദ്രയിൽ നിന്ന് ഉണർത്തപ്പെട്ടു. യുവരാജാവ്

ഉണർന്നു
നോക്കിയപ്പോൾ പരമേശ്വരൻപിള്ളയെക്കൂടാതെ
മറ്റൊരാളെയും പള്ളിയറയ്ക്കകത്തു
കാണുകകൊണ്ടും,
ആ ആൾ നിരുപമതേജസ്സോടു കൂടിയ ഒരു
പ്രൗഢയായ സ്ത്രീ ആയിരുന്നതിനാലും അദ്ദേഹം
ആശ്ചര്യത്തോടുകൂടി എഴുന്നേറ്റ് ആദരവോടു
കൂടി ‘‘ആരാണ്?’’ എന്നു ചോദിച്ചു.
സ്ത്രീകളോടുള്ള പരിചയും, മധുരമായും
ലളിതമായും
ഉള്ള സംഭാഷണപടുത്വവും ആ യുവരാജാവിന്
തുലോ കുറഞ്ഞിരുന്നതിനാൽ, ഈ സന്ദർഭത്തിൽ
അദ്ദേഹത്തിനു വലുതായ പരുങ്ങൾ ഉണ്ടായി
എന്നു
മാത്രമല്ല ‘‘ആരാണ്’’ എന്നു ചോദിച്ചതിന്റെ
ശേഷം ബുദ്ധി കേവലം വിചാരശൂന്യമായി
ഭവിച്ചതുപോലെ തോന്നുകയും ചെയ്തു.
യുവരാജാവിന്റെ കുഴക്കിനെക്കണ്ട് മനസാ
അദ്ദേഹത്തെ
അഭിനന്ദിച്ചും തന്റ ആ പ്രവൃത്തിയിൽ
അതുവരെ തോന്നിയിരുന്ന സംശയങ്ങളെ
അകറ്റിയും,
തന്റെ ജന്മഭൂമിയായ രാജ്യത്തിനും
തദ്ദേശീയർക്കും യുരാജാവുമൂലം ഉദിച്ചിരുന്ന
ഭാഗ്യദശഓർത്തു സന്തോഷിച്ചും, സുഭദ്ര ഏറ്റവും
വിനീതമായി ലജ്ജാദിഗോഷ്ടികൾ കൂടാതെ
‘‘കുടമൺപിള്ളയുടെ അനന്തരവൾ
കിടാത്തിയാണ്’’ എന്ന‘
റിയിച്ചു. ഈ വാക്കുകൾ കേട്ടപ്പോൾ അതുവരെ

സോദരഭാവത്തിൽ ആദരപൂർവമായി സുഭദ്രയ്ക്ക്
അഭിമുഖമായി നിന്നിരുന്ന യുവരാജാവ്
നീരസച്ഛായയയുടെ പ്രവേശനാരംഭംകൊ‌ാണ്ട്
കലുഷമായ
തന്റെ മുഖംതിരിച്ചിട്ട് അല്പനേരം
ആലോചനയോടു കൂടി നിന്നു. അനന്തരം
''കുടമൺ പിള്ള
എന്റെ ശത്രുവാണല്ലോ. പിന്നെ
അനന്തരവൾക്കിവിടെ കാര്യമെന്താണ്?'' എന്നു
ചോദിച്ചു.
സുഭദ്ര: ''തിരുമനസ്സിലെ
അമ്മാവൻതിരുമേ നിക്ക് തിരുമനസ്സിനെക്കുറിച്ച്
അതി സ്നേഹമായിരുന്നല്ലോ. അവിടത്തെ മക്കൾ
ശത്രുക്കളായും ഇരിക്കുന്നല്ലോ. സംബന്ധം
കൊ‌ാണ്ട് അവരവർക്കുള്ള ഗുണവിചാരങ്ങൾ
നഷ്ടമാകുന്നതല്ല. തിരുമേനിക്ക് വലുതായ
ഒരാപത്തടുത്തിരിക്കുന്നു.''
യുവരാജാവ്: (ആത്മഗതം) ''ഇവൾ
ഇത്രവാഗ്മി യെന്നു ഞാൻ കേട്ടിരുന്നില്ല.
തമ്പിയോടുള്ള
സഖ്യം നിലപ്പിച്ചിട്ട്
എന്നോടാകാമെന്നായി രിക്കാം വിചാരം.''
(പ്രകാശം)
''ബന്ധു വായി വന്നിരിക്കയാണെങ്കിൽ
സന്തോഷമായി.
എന്നാൽ നിങ്ങളുടെയും എന്റെയും
സ്ഥി തിക്ക് ഈ അകാലത്ത് ഇങ്ങോട്ടു
നിശ്ച യിച്ച യാത്ര വേണ്ടിയില്ലായിരുന്നു.
മറ്റൊ‌ാ രാളെ അയല്ലാലും സംഗതി എന്നെ

ഗ്രഹിപ്പി ക്കാമായിരുന്നല്ലോ?''
സുഭദ്ര: (ആത്മഗതം) ''ഇദദ്ദേഹത്തിന്റെ
പ്രാണ രക്ഷയ്ക്കായി വന്ന എന്നെ ഇദ്ദേഹം
വന്ധ കിയാണെന്നു സംശയിക്കുന്നു'' (പ്രകാശം)
''തിരുമേനി, അമ്മത്തമ്പുരാട്ടിയെയും കെ ാച്ചു
തമ്പുരാൻ തിരുമനസ്സിലേയും ക്ഷണത്തിൽ
ഇവിടുന്ന് എഴുന്നള്ളിക്കണം. തർക്കങ്ങളും
സംശയങ്ങളും സ്വസ്ഥമായിരിക്കാനുള്ള
കാലംവന്നിട്ടാകാം.''
യുവരാജാവ്: (തമ്പിക്ക് അനുകൂലമായി തന്നെ
ആപത്തിൽ ചാടിക്കാനാണ് സുഭദ്രയുടെ
ശ്രമം എന്നു തോന്നുകയാൽ) ''അമ്മാവൻ
നാടുനീങ്ങിയിരിക്കുമ്പോൾ ഇവിടുന്നു
മാറു ന്നത് യുക്തമല്ലല്ലോ?''
സുഭദ്ര: '' ആപത്തിനു ന്യായമുണ്ടോ?''
യുവരാജാവ്: ''ആപത്തുണ്ടെന്ന് എനിക്കു ബോധ്യം
വരേണ്ടേ?''
സുഭദ്ര: ഇതിൽ ബോധ്യംവരാൻ അടിയൻ എന്തു
തെളിവാണു തരുന്നത്? താമസിച്ചാൽ
പിന്നീട് നിവൃത്തിയില്ലാതെയാകും.
അമ്മാ വനും തമ്പിഅദ്ദേഹവും ആയിരത്തോളം
ആളുകളും ഓരോ വഴിക്കായി ഇങ്ങോട്ടു
പുറ പ്പെടുന്നുണ്ടു ്.''
യുവരാജാവ്: ''സംഗതി ലഘുതായുള്ളതല്ലല്ലോ.
ഇതിൽ കുടമൺപിള്ളയുടെ അനന്തരവളും
തമ്പിയുടെ...ആകപ്പാടെ ഇതു
കൃത്രിമ മല്ലെന്ന് ഞാൻ എങ്ങനെ വിശ്വസിക്കുന്നു''?
സുഭദ്ര: '' കല്പിക്കാൻ തുടങ്ങിയതിനെ
ഭേദപ്പെടു ത്തേണ്ടതില്ലായിരുന്നു. തി ുമേനീ,

സൂചകം
 അടിയനു മനസ്സിലായി. ഒന്ന് ഇപ്പോൾ
 അടിയനും പഴവുള്ളത്തിൽ ഉറപ്പായി.
തിരു മേനിയെ സഹായിക്കാൻ
ആലോചിക്കുന്ന വർക്ക് അനുഭവം
മനസ്താപമല്ലാതെ
വേറെ◌ാ ന്നില്ല.''
 തന്റെ മനസ്സിനെ സദാ
വ്യാകുലപ്പെടുത്തുന്നതായും മൂന്നു നാലു
നാഴികയ്ക്കു മുമ്പിൽ താൻ
തന്നെ ഉച്ചരിച്ചതായും ഉള്ള ഒരു അഭിപ്രായംതന്നെ
സുഭദ്രയുടെ നാവിൽ നിന്ന് മാനഹാനിയാലുണ്ടായ
മനഃപൂർവമായുള്ള വിഷാദസ്വരത്തിൽ
പുറപ്പെട്ടതുകേട്ടപ്പോൾ യുവരാജാവ് സർപ്പദംശനം
ഏറ്റാലെന്നപോലെ ഒന്നു ഞെട്ടി. ഈ
അഭിപ്രായത്തെ
ധൈര്യസമേതം തന്റെ മുമ്പിൽനിന്നു
നിർവ്യാജമാണെന്നല്ലാതെ വിശ്വസിക്കാൻ
പാടില്ലാത്തതായ
വ്യസനത്തോടു കൂടി പുറയുന്നവൾ മിഥ്യാവാദിനി
ആയിരിക്കയില്ലെന്നു യുവരാജാവിനു
തോന്നുകയാൽ
''ശരിതന്നെയാണ്. എന്നാൽ ഈ കാലത്തിന്റെ
വിശേഷസ്ഥിതിയിൽ ഞങ്ങൾക്കു ബോധ്യംവരാതെ
എങ്ങനെ
വിശ്വസിക്കുന്നു എന്നാണ് സംശയം'' എന്നു
പറഞ്ഞു.
സുഭദ്ര: '' ഈ കല്പന ന്യായമാണ്. എന്നാൽ
 അടിയൻതന്നെ വിടകെ◌ാണ്ടതിന്റെ കാരണം

അനുഭവംകൊണ്ടറിയാം. ബന്ധുവാണെന്നു ഉളതിലേക്ക് തിരുമനസ്സിനെ
വേലു ക്കുറുപ്പ് അപായപ്പെടുത്താൻ തുടങ്ങിയരാത്രി അടിയൻ ഒരെഴുത്ത് തിരുമനസ്സിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. അതു തൃക്കൈയിൽ എത്തിയിട്ടുണ്ടെങ്കിൽ...''
യുവരാജാവ്: ''മനസ്സിലായി. ഞാൻ
ക്ഷണി ക്കാൻ തുടങ്ങിയ അബദ്ധത്തെ
ക്ഷമിക്കണം.''
അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു. കുടമൺ
പിള്ളയും പരിവാരങ്ങളും തമ്പിമാരും
കൊട്ടാരിത്തിനകത്തു കടന്ന് യുവരാജാവിനെ
തിരയുന്നു. ചില
പള്ളിയറക്കാർ മുതലായവരെയല്ലാതെ
യുവരാജാവിനെയും മറ്റും കാണാനില്ല. ഈ
പള്ളിയറക്കാരെ
ഓരോ വിധമായ ഹേമങ്ങൾ ചെയ്തിട്ടും അവർ
യുവ'
രാജാവ് മുതലായവർ എങ്ങോട്ടു പോയെന്നു
പറയുന്നില്ല. തമ്പിമാർ ഊരിപ്പിടിച്ചിരിക്കുന്ന
ഖഡ്ഗങ്ങളെ വീശിക്കൊണ്ട, ഓരോ മുറിയും
തളവും
മച്ചും കിണറും വൃക്ഷങ്ങളുടെ മറവും പ്രത്യേകം
പരിശോധിക്കുന്നു. ഇതിനിടയിൽ സുഭദ്ര തന്റെ
ഭൃത്യഭാവത്തിലുള്ള നാലുപേരോടൊരുമിച്ച് തന്റെ
ഗൃഹത്തിലേക്കു തിരിച്ചു. വഴിയിൽവച്ച്
ഒരുവനോട് ചിലതു സ്വകാര്യമായി പറഞ്ഞ് അവനെ
പിരിച്ചയച്ചു. ശേഷമുള്ള മൂന്നു പോരോടൊരുമിച്ച്
പോകും വഴിക്ക് നാഞ്ചനാട്ടുകാരാൽ തടുക്കപ്പെട്ടു.

‘‘ആരത്?’’ എന്നു തലവനായ ശ്രീരാമൻ തമ്പി
ചോദിച്ചതചിന്, ‘‘ഞാൻതന്നെ കൊച്ചങ്ങുന്നേ-
ചെമ്പകം. പോയി തലകൊണ്ടരണം’’. എന്നു
സുഭദ്ര
അനുഗ്രഹത്തോടു കൂടി ഉത്തരം പറഞ്ഞു.
‘‘തേവിടിശ്ശി! ചെമ്പകശ്ശേരീന്നു
വരുന്നതായിരിക്കാം.
പോ, പോ, ചെമ്പകത്തിനു വഴിമാറിക്കൊടുക്കിൻ’’
എന്ന് തമ്പി ഉത്തരവു കൊടുത്തു ‘‘ഈ വിധമുള്ള

തടസ്സങ്ങളെ നിവർത്തിക്കാനാണ് അടിയൻതന്നെ
വിടകൊണ്ടത്’’ എന്നു മന്ത്രിച്ചുകൊണ്ട് സുഭദ്ര
ആടിക്കുഴഞ്ഞ് കൂടിയുള്ളവരോടൊരുമിച്ചു
തിരിച്ചു.
തന്നോടു കൂടിയുണ്ടായിരുന്നവരെ
പെരുവഴിയിലുള്ള ആൽത്തറയിൽ നിറുത്തിയിട്ട്
തന്റെ
ഭവനത്തിലേക്കു പോയി. ഏകദേശം അര നാഴിക
കഴിഞ്ഞ്
ആയുധപാണികളും ഓരോ ചുമടു
വഹിക്കുന്നവരുമായ നാലഞ്ചാളോടൊരുമിച്ച്
സുഭദ്ര ആൽത്തറയുടെ
ചുവട്ടിലെത്തി. ‘‘ഇനി എഴുന്നെള്ളാം. രാത്രി
കൊണ്ടുതന്ന വെങ്ങാനൂർ കടക്കണം.
ഇവരെക്കണ്ടാൽ എട്ടുവീട്ടുകാർ തടുക്കയില്ല’’
എന്നു
പറഞ്ഞു. അപ്പോൾ ‘‘ആരത്?’’ എന്നുള്ള
ചോദ്യത്തോടു കൂടി കഴിക്കുനിന്നു വന്ന ഒരാൾ ആ
സ്ഥലത്ത് ആവിർഭവിച്ചു. അന്യനെക്കണ്ടിട്ട് സുഭദ്ര

അല്പം മാറിനിന്നു. സുഭദ്രയെ സൂക്ഷിച്ചു
നോക്കിയിട്ട് അന്യൻ തന്റെ ഉള്ളിൽ കത്തിയ
കോപാഗ്നിയുടെ തൈക്ഷ്ണ്യം സഹിക്കാൻ
പാടില്ലാതെ
''നിനക്ക് ഈ വഴിയിൽ ഈ
അസമയത്തെന്തുകാര്യം?''എന്നു ചോദിച്ചു. ''നീ''
എന്നുള്ള
പദപ്രയോഗം കേട്ടുണ്ടായ നീരസത്തോടു
കൂടിയെങ്കിലും സുഭദ്ര'' എന്റെ വീട്ടിന്റെ മുമ്പിൽ
നില്കയാണ്'' എന്നു മാത്രം പറഞ്ഞു.
അന്യൻ: (സ്നേഹകോപങ്ങളുടെ
വിപരീതാകർഷ ണങ്ങളാൽ ചഞ്ചലഹൃദയനായി
എങ്കിലും
ലേശവും ഗാംഭീര്യലോപം കൂടാതെ) 'ഇവർ
ആരെല്ലാമാണ്''
സുഭദ്ര: ''എന്റെ കുടിയാന്മാരും വീട്ടിൽ
പാർക്കു ന്നവരും മറ്റുമാണ്.
അന്യൻ: ''നിന്റെ കുടിയാന്മാര്! അവരെ ഒന്നു
കാണട്ടെ'' ഇങ്ങനെ പറഞ്ഞുകൊണ്ട് അന്യൻ
ഒരുത്തന്റെ അടുത്തുചെന്ന് മുഖപരിശോധന
ചെയ്തു തുടങ്ങി. ഒരുവന്റെ അടുത്തു
ചെന്നപ്പോൾ ''ഇവൻ നിന്റെ
കുടിയാൻതന്നെ യാണ്; ശരി, ശരി. (അടുത്ത ആളെ
നോ ക്കീട്ട്) തോർത്തും കട്ടിമുണ്ടും കുട്ടിക്കു
നല്ല തിന്മണ്ണം ചേരുന്നുണ്ട്. അടുത്ത ആൾ-
ഹാ ഞാൻ വിചാരിച്ചതുപോലെതന്നെ.''
അന്യനും ഒടുവിൽ മുഖപരിശോധന
കഴിക്കപ്പെട്ട ആളും പരസ്പരം അറികയാൽ
രണ്ടുപേരും

മുഖത്തോടു മുഖം നോക്കി മിണ്ടാതെ നിന്നു.
ശ്രീപദ്മനാഭൻതമ്പിയെ പദ്മനാഭപുരം നഗരത്തിൽ വച്ചു രാത്രിയിൽ ചെന്നുകണ്ട അന്യനായ ഇദ്ദേഹം തന്റെ മുമ്പിൽ കാണപ്പെട്ട യുവാവിനെ ദഹിപ്പിക്കുമാറുള്ള കോപത്തോടു കൂടി ഹാസ്യമായി '' ഇത്രയും
കൂടി കാണണമെന്നു വിധിച്ചിരുന്നു'' എന്ന് ശാസനീയനായ ശിഷ്യനോട് ഉത്തമനായ ഗുരു എന്ന
പോലെ പറഞ്ഞു. തന്റെ ഒരു ഉപേക്ഷ നിമിത്തം ഹൃദയത്തെ പീഡിപ്പിച്ചിരുന്ന വ്യസനം ഉള്ളിലിരിക്കെ ഈ വാക്കുകൾ കേൾക്കയാൽ ചില സംശയങ്ങളും ഉള്ളിൽ ഉദിച്ചു എങ്കിലും യുവാവായ
യുവരാജാവ്, ലൗകികാനുസാരിയായ ഭഗവാൻ പണ്ട്
പുത്രശോകാർത്തനായ ബ്രാഹ്മണന്റെ ദുർഭാഷണങ്ങൾ കേട്ടിട്ടും ക്ഷമാപരനായിരുന്നപോലെ ശാന്തത ആശ്രയിച്ചുകെ ാണ്ട് ''എന്താണ് തിരുമുഖത്തു പിള്ള ദേഷ്യപ്പെടുന്നത്? ഞാൻ അയച്ച എഴുത്തുകൾക്കു മറുപടിപോലും അയയ്ക്കാതെ, എന്നെക്കണ്ടപ്പോൾ ആക്ഷേപവാക്കുകൾകെ ാണ്ടു സത്കരിക്കുന്നത് കാലഭേദംതന്നെ, അല്ലേ?'' എന്നരുളിച്ചെയ്തു.
('തിരുമുഖത്തുപിള്ള' എന്നുള്ള നാമം കേട്ടപ്പോൾ സുഭദ്രയുടെ നീരസം പാതി നീങ്ങി.
യുവരാജാവിനോടു കൂടി ഉണ്ടായിരുന്ന രാമയ്യനും പരമേശ്വരൻപിള്ളയും അതിനു മുമ്പിൽത്തന്നെ

അദ്ദേഹത്തെ
അറിഞ്ഞിരുന്നു.
തിരുമുഖത്തുപിള്ള: '' അടിയന്റെ
ആക്ഷേപവാക്കു കളെ ക്ഷമിക്കണം.
മിഖംകാണിക്കുന്നതിനായി
അടിയൻ വിടകൊണ്ടതാണ്. അതു കഴിഞ്ഞു
ഇനി കുപ്പപ്പാട്ടിലേക്കു തിരിച്ചു
വിടകൊള്ളു ന്നതിനു കല്പനയുണ്ടാകണം.''
യുവരാജാവ്: ''എന്തു കഥയാണിത്? ഞാൻ
അപേ ക്ഷിച്ചിട്ടല്ലേ താൻ വന്നത്? എന്നിട്ട്, കാണും
മുമ്പേ യാത്രയ്ക്കു ഭാവമായോ? മനുഷ്യൻ
ഇങ്ങനെ ഭേദപ്പെടാറുണ്ടോ?''
തിരുമുഖത്തുപിള്ള: ''ഭേദപ്പെട്ടിട്ടുണ്ടെങ്കിലും
കല്പിച്ച് ആശ്ചര്യപ്പെടാനില്ലല്ലോ?''
യുവരാജാവ്: ''ആശ്ചര്യപ്പെടുന്നില്ല.
വ്യസനി ക്കുന്നതേയുള്ളൂ.''
തിരുമുഖത്തുപിള്ള: ''അടിയനോളമുണ്ടോ?''
യുവരാജാവ്: ''താൻ ഭാഗ്യവാൻ എന്തിനാണ്
വ്യസനിക്കുന്നത്?''
തിരുമുഖത്തുപിള്ള: ''രണ്ടു വർഷംകൊണ്ടുണ്ടായ
ഭേദങ്ങളെ വിചാരിച്ചുതന്നെ. ഇന്നിങ്ങനെ
കാണാൻ സംഗതിയും വന്നല്ലോ.
തിരുമേനി യോളം അടിയൻ സമചിത്തനായിട്ടില്ല.''
യുവരാജാവ്: '' പറവാനുള്ളതു നേരെ പറയൂ.
വൃഥാ താമസിച്ചാൽ എന്നെ തനിക്കു
രക്ഷി ക്കാൻ കഴിവില്ലാതെ സ്ഥിതിയിലാകും.
കുട മൺപിള്ളയും മറ്റും എന്നെ തിരക്കി
പുറപ്പെ ട്ടിട്ടുണ്ട്. ഇപ്പോൾ തിരിച്ചുവരും.''
തിരുമുഖത്തുപിള്ള: ''അടിയനാൽ കഴിവില്ലെങ്കിലും

ഇവളാൽ കഴിയുമല്ലോ. കോട്ടാർ
മുതലായ ദിക്കുകളിൽ പോയാൽ ഇതിലും
വലുതായ
സഹായങ്ങൾ ചെയ്‌വാൻ ആളുകൾ കാണും.''
യുവരാജാവ്: ''എന്താണു താൻ പറയുന്നത്?''
തിരുമുഖത്തുപിള്ള: ''അടിയൻ വിടകൊണ്ടു
പോവാൻ കല്പന തരണം. തിരുമേനിയെ
സഹായിക്കാൻ ആറുവീട്ടുകാർ വന്നിട്ടുണ്ട്.
അടിയനെ താമസിപ്പിച്ചാൽ കല്പിച്ചു
വ്യസ നിക്കും.''
യുവരാജാവ്: '' കോട്ടാറ്റ് എന്നെ
സഹായിക്കാനാ രണ്?''
തിരുമുഖത്തുപിള്ള: തിരുമേനീ, അവിവേകം
ചെറുപ്പകാലത്ത് എല്ലാവർക്കും സഹജമാണ്
മനഃപൂർവമായുള്ള വ്യാജം ഒരു കാലത്തും
ക്ഷമിക്കാൻ പാടുള്ളതല്ല. കോട്ടാറ്റുള്ള
പരിച യത്തെ ഉപേക്ഷിച്ചു എന്നുവരുമോ?''
യുവരാജാവ്: ''ആരോടുള്ള പരിചയം എന്നു
പറയൂ.''
തിരുമുഖത്തുപിള്ള: ''ദാസിമാരുമായുള്ള
പരി ചയം.''
യുവരാജാവ്: ''ക്ഷടം! താൻ ഈവിധം പറഞ്ഞു
തുടങ്ങിയോ? മര്യാദയും മറ്റും എനിക്ക്
ഉപ ദേശിച്ചുതന്ന ഗുരവല്ലേ താൻ?''
തിരുമുഖത്തുപിള്ള: '' പ്രവൃത്തിയിൽ
സത്യലംഘ നവും ദുഷ്ടതയും അടിയൻ
ഉപദേശിച്ചി ട്ടില്ലല്ലോ?''
യുവരാജാവ്: ''എന്തു വാക്കുകളാണിത്? താൻ
അമ്മാവനോടു കൂടി

തൃശ്ശിനാപ്പള്ളിക്കു പോയിരുന്നതിനിടയ്ക്ക്
തനിക്കുണ്ടായ
വ്യസ നത്തെ സംബന്ധിച്ച് ഞാൻ മിണ്ടാതിരുന്നു
എന്നൊരു കുറ്റമല്ലാതെ മറ്റെന്താണ്
ഞാനൊ രധർമ്മം പ്രവർത്തിച്ചിട്ടുള്ളത്? എന്നെ
ഈ
ആളുകൾ ഓടിച്ചിട്ടു
വട്ടംതിരിക്കുകയായിരു ന്നതിനാൽ അതിനെപ്പറ്റി
തനിക്ക് ഒരെഴുത്തു
പോലും അയയ്ക്കാൻ ഇടവരാതത്താണ്.''
തിരുമുഖത്തുപിള്ള: '' ഈ വാക്കുകളിലി ഉള്ള
മാധുര്യത്തോളം ഹൃദയത്തിൽ മാർദ്ദവും
ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് അടിയൻ ഈവിധം
ഉണർത്തിക്കാൻ ഇടവരുമായിരുന്നോ?''
യുവരാജാവ്: ''കാലം വൃഥാ പോണു. ഇങ്ങനെ
സൂചകങ്ങളായി ഓരോ ദുരുക്തികൾ
പറയു ന്നതിനെക്കാൾ ഉള്ളിലുള്ളതിനെ
സ്പഷ് ടമായി പറഞ്ഞാൽ ഞാൻ സമാധാനം
പറയാം.''
തിരുമുഖത്തുപിള്ള: ''കല്പന തൃപ്പാദത്തിൽ
സമർപ്പിക്കട്ടെ. അടിയന്റെ മകൻ കിടാത്തനെ
കല്പ്പിച്ചെന്തു ചെയ്തു?''
യുവരാജാവ്: ''ഞങ്ങൾ ഒരുമിച്ച് നാഗർകോവിൽ
താമസിച്ചിരുന്നപ്പോൾ അവന്റെ അമ്മയെ
കാണുന്നതിനായി പോയി. അന്ന് പോകേണ്ട
എന്നു ഞാൻ തടുത്തു. അമ്മയ്ക്ക്
സുഖക്കേ ടാണെന്നു വർത്തമാനം കിട്ടിയിരിക്കുന്നു
എന്നു
പറകയാൽ ഞാൻ അനുവദിച്ചു. അന്നു മുതൽ

എന്നെ ഒരു സ്ഥലത്ത അടങ്ങിയിരിക്കാൻ
ശത്രുക്കൾ സമ്മതിച്ചിട്ടില്ല. ഒന്നും
അന്വേഷി ക്കാനും ഇടവന്നിട്ടില്ല. കള്ളിയങ്കാട്ട്
മുത ലായ സ്ഥലങ്ങളിലെ കഥകൾ
കേട്ടിരിക്കു മല്ലോ?''
തിരുമുഖത്തുപിള്ള: ''കഥകൾ അടിയൻ പലതും
കേട്ടിട്ടുണ്ട്. അതിൽ ഒന്ന് തിരുമനസ്സിൽ
അറിയിക്കാം. തിരുമേനിയുടെ അമ്മാവൻ
തിരുമനസ്സുകൊാണ്ടും അടിയൻ മുതൽ
പേരും തൃശ്ശിനാപ്പിള്ളിയിലേക്കു
പട്ടാള ത്തെ കൊാണ്ടുവരാൻ പോയപ്പോൾ
തിരുമേനി
സ്വാതന്ത്ര്യങ്ങളും
പ്രായവിശേഷത്തിന്നടുത്ത തായ ചില സേവകളും
തുടങ്ങി. അവിടത്തെ
നടപടികൾ കണ്ട്, അടിയന്റെ മകനും
നാനാ വിധങ്ങൾ ആരംഭിച്ചു-''
യുവരാജാവ്: '' നാരായണ! എന്നെ ശകാരിച്ചു
കൊാള്ളൂ. മരിച്ചവരെ വൃഥാ
ദുഷിക്കാതി രിക്കൂ.
തിരുമുഖത്തുപിള്ള: ആഹാ! കഥ മനസ്സിലായി
എന്റെ തീരുമേനീ, ഞാൻ അറിഞ്ഞിട്ടില്ലെന്നു
വിചാരിക്കേണ്ട. ഈശ്വരൻ
സത്യസ്വരൂപ നാണ്. കളവു നീളെ നില്ക്കുമോ
തിരു മേനീ? അടിയന്റെ മകനെ നിർദ്ദയനായി
കേവലം പെരുവഴിപ്പിണമായ ഒരു
വ്യഭിചാ രിണി മൂലം കല്പിച്ചുകൊാന്നതിനെ
വിചാ രിക്കുമ്പോൾ, തിരുമേനീ, അടിയന്റെ
ആത് മാവിനെപ്പോളും അടിയനു വിശ്വാസം

തോന്നുന്നില്ല.''
പ്രകൃത്യാ ആത്മാഭിമാനിയായുള്ള യുവരാജാവ് മേൽപ്രകാരമുള്ള വചനങ്ങളുടെ ശ്രവണത്താൽ ഭിന്നപൗരുഷനായി. തന്റെ മാതുലൻമാരുടെ സത്യതത്പരനായുള്ള മന്ത്രിശ്രേഷ്ഠൻ, ദുഷ്പ്രേഷകന്മാരാൽ വഞ്ചിതനായിരിക്കുന്നു എന്നുള്ള സമാധാനംകൊാണ്ട് കോപം അടക്കി എങ്കിലും, അംഗങ്ങൾ തളർന്നു പരവശനായി. പരമോശ്വരൻപിള്ളയും രാമയ്യനും ഈ കഥ പൗരന്മാരുടെ ലഹള കഴിഞ്ഞു കേട്ടു. എങ്കിലും യുവരാജാവിനെ ഗ്രഹിപ്പിക്കുന്നതിന് അവർക്കു ധൈര്യമുണ്ടായില്ല. ഇരുവരും വിഷണ്ണരായി നില്ക്കുന്നതിനിടയിൽ യുവരാജാവ് തിരുമുഖത്തുപിള്ളയോട് ഇങ്ങനെ ചോദിച്ചു:
''അനന്തപദ്മനാഭനെ ഞാൻ കൊാന്നു. താൻ വിശ്വസിക്കുന്നോ?''
തിരുമുഖത്തുപിള്ള: '' അടിയൻ യദൃച്ഛയാ
ഒരു കോടാങ്കി അടിയന്റെ കുപ്പപ്പാട്ടിൽ വിടകൊാണ്ടിരുന്നു. അവൻ ദേവീപ്രസാദത്താൽ അടിയന്റെ സ്ഥിതി സകലതും പരമാർത്ഥമായി പറഞ്ഞു. ഒടുവിൽ അനന്തപദ്മനാഭന്റെ മരണം രാജകരത്താൽ സംഭവിച്ചതാണെന്നും തിരിഞ്ഞു. അതുകൊാണ്ട് അടിയൻ തൃപ്തിപ്പെട്ടില്ല. അടിയൻ ഒരു അഞ്ജനക്കാരനെ വരുത്തി നോക്കിച്ചു അതിലും

തൃക്കയ്യാൽ കൊല്ലപ്പെട്ടതാണെന്നു തെളിഞ്ഞു.
എന്നിട്ടും അടിയൻ വിശ്വസിച്ചില്ല. ഈയിടെ
കാലക്കുട്ടി അവിടെ വിടകൊണ്ടിരുന്നു...''
യുവരാജാവ്: ''എന്റെ എഴുത്തോടു കൂടിയാണ്
അവൻ വന്നിരുന്നത്.''
തിരുമുഖത്തുപിള്ള: ''എഴുത്തുണ്ടായിരുന്നെങ്കിൽ
അവൻ തരുമായിരുന്നു.''
പരമേശ്വരൻപിള്ള: ''ഇപ്പോൾ അടിയൻ
അറിയി ച്ചത് ഒത്തോ? പറഞ്ഞില്ലയോ കാലക്കുട്ടി
ചതിക്കുമെന്ന്. ഇനി എങ്കിലും കല്പിച്ച്
ഇദ്ദേഹം പുലമ്പുന്നതു കേട്ടുനിന്ന് നേരം
വെളുപ്പിക്കാതെ എഴുന്നള്ളണം.''
രാമയ്യൻ: ''മിണ്ടാതിരിക്കൂ പരമേശ്വരൻ പിള്ളേ,
അദ്ദേഹം അടുത്തു നില്ക്കുമ്പോൾ
തിരു മേനിക്ക് ആപത്തില്ല. ശുദ്ധഗതികൾകൊണ്ട്
അസംബന്ധം പറയാതിരിക്കൂ.''
-11-
തുരുമുഖത്തുപിള്ള: ''രാമയ്യൻ, അങ്ങ് ഒന്നും
അറി ഞ്ഞിട്ടില്ല. ഈ പരമേശ്വരൻപിള്ളയ്ക്ക്
ദ്വേഷം ഉണ്ടാവാൻ സംഗതിയുണ്ട്. ആ
കൊല യ്ക്ക് സഹായിച്ചതിന്
അനന്തപദ്മനാ ഭന്റെ വാളും പരിചയും അവന്
സമ്മാനം
കിട്ടിയിട്ടുണ്ട്.''
പരമേശ്വരൻപിള്ള: അയ്യേ! ഒരു പാണ്ടിക്കുറവൻ
കൊണ്ടന്നതിനെ കല്പിച്ചു വാങ്ങി എനിക്കു
തന്നത് കൊലയ്ക്കു കൈക്കൂലിപോലും!
അമ്പട ബുദ്ധി!''
തിരുമുഖത്തുപിള്ള: '' അങ്ങനെ ആയിരിക്കട്ടെ.

നിങ്ങളെല്ലാം തിരുമനസ്സിലേക്ക്
അനു കൂലമായി പറയേണ്ടവരാണ്ടവരാണ്.
ദാസിയോട്
ചുള്ളിയിൽ മാർത്താണ്ഡനും ഞാനും
പോയി ചോദിച്ചു. അവൾ സത്യം മുഴുവനും
പറഞ്ഞു.
യുവരാജാവ്: ''ശ്രീപദ്മനാഭാ! ഈ അപവാദങ്ങൾ
കേൾക്കാറായോ? തിരുമുഖത്തുപിള്ളേ, താൻ
പത്തൊമ്പതു വയസ്സു വരെ ഈ
ദുഷ്ട രുടെ കൈയിൽ പെടാതെ സൂക്ഷിച്ചതിന്
തിനിക്ക് എന്റെ ജീവന് അവകാശമുണ്ട്.
കൊന്നുകൊള്ളൂ. ഇല്ലാത്ത ഒരു സംഗതിക്കു
തെളിവുതരാൻ പ്രയാസമാണ്. തന്റെ
കൈയാൽ മരിക്കുന്നത് പൂർണ്ണ സമ്മതം
തന്നെ''.
സുഭദ്ര: '' തിരുമേനീ, ഇത്ര
വ്യസനിക്കുന്നതെ ന്തിന്? ഇദ്ദേഹത്തിനെ
സുന്ദരയ്യൻ മുതൽ
പേർ കൂടി ഒരു
വലയിൽ അകപ്പെടുത്തിയിരി ക്കയാണ്.
അനന്തപദ്മനാഭനെ
വേലുക്കുറ പ്പാണ് കൊന്നത്. കാരണം
തിരുമേനിയോടു
തമ്പിയദ്ദേഹത്തിനു ദേഷ്യമെന്നാണു
തോന്നുന്നത്.''
തിരുമുഖത്തുപിള്ള: ''എന്നോടു കളിക്കാതെ വീട്ടിൽ
പോകുന്നതാണ് നിനക്കു നല്ലത്. തമ്പി
അദ്ദേഹത്തിനോട് മുഷിഞ്ഞു ഇപ്പോൾ...''
സുഭദ്ര: ''ഈ തിരുമേനിയെ ശകാരിച്ചതുപോലെ

എന്നെ ശകാരിക്കരുത്. നിങ്ങൾ ഓരോ
സഹാ യങ്ങൾകൊണ്ടും മറ്റും
കടപ്പെട്ടിട്ടുട്ടുള്ളവരാണ്.
അതുകൊണ്ട് പരസ്പരം ശാസിപ്പാനും
അവ കാശം ഉണ്ടായിരിക്കാം. ഞാൻ അന്യഥാ ഉള്ള
ഒരു സ്ത്രീയാണ്. അത്
ആലോചിച്ചു വേണം എന്നോടു കയർക്കുന്നത്.''
തിരുമുഖത്തുപിള്ള: ''നിന്റെ
ഉ...ദ്‌ഭ..വത്തി നെക്കാൾ- എന്നെക്കൊണ്ട് അധികം
സംസാ രിപ്പിക്കാതെ.''
യുവരാജാവ്: ''തിരുമുഖത്തുപിള്ള,
ശകാരിക്കരു തിവളെ. ഇവൾ എന്റെ പ്രാണരക്ഷ
ചെയ്ത വളാണ്. ഇതാ മധുരപ്പടയ്ക്കു
കൊടുക്കാൻ
വേണ്ട ദ്രവ്യവും തന്നിരിക്കുന്നു. നിങ്ങൾക്ക്
ആർക്കും ഈ ദയ ഉണ്ടായില്ല...''
തിരുമുഖത്തുപിള്ള: '' സ്നേഹമുള്ളവർ
ഇതിലധി കവും ചെയ്യും.''
യുവരാജാവ്: '' ഇന്ന് ആദ്യമായി ഇവളെ ഞാൻ
കണ്ടതാണ്. അതുകൊണ്ട് അന്യഥാ
സംശയി ക്കരുത്.''
തിരുമുഖത്തുപിള്ള: '' ഈ കളവ് ആർക്കും
ബോധ്യ
മാകും? ആരാനും തന്റെ അമ്മയ്ക്കു
കൊടു ത്ത മുതലിനെ ഒരു വേദനയും കൂടാതെ
തന്റെ
കുടുംബശത്രുവിനു കൊടുക്കുന്ന ഇവളെ
ആദ്യം കണ്ടതാണെന്നു വിശ്വസിക്കാൻ
ഭ്രാന്ത ന്മാർ വേണം.

സുഭദ്ര: (കോപത്തോടും വ്യസനത്തോടും)
‘‘അ ക്കൂട്ടത്തിലല്ലെന്നു വിശ്വസിക്കാനും
ബഹു പ്രയാസം. നിരപരാധിയായ എന്റെ
ജനന ത്തെ അപമാനിക്കാൻ തോന്നിയ അങ്ങ്...’’
തിരുമുഖത്തുപിള്ള: ‘‘നില്ക്ക് -
ഭ്രാന്തുപറയാ യാതെ.’’
സുഭദ്ര: ‘‘അതു തന്നായി! സുന്ദരയ്യന്റെ
ഇഷ്ടം നായ കോടാങ്കിയും, അല്പനായ
കാലക്കു ട്ടിയും, അരയ്ക്കാൽ രാശിക്കു
മാനംവിൽ ക്കുന്ന ദാസിയും പറഞ്ഞതെല്ലാം
സത്യമെന്നും
ഈ തിരുമേനി കല്പിക്കുന്നത്
അസത്യ മെന്നും പറയുന്ന ആൾ എന്നോടു ഭ്രാന്തു
പറ യരുതെന്ന് ഉപദേശിക്കുന്നത് എന്തു
ന്യായ മാണ്?’’
തുരുമുഖത്തുപിള്ളയുടെ വാചാലത്വം
സുഭദ്രയുടെ യുക്തിയുക്തമായിട്ടുള്ള
സൂചകങ്ങളാൽ
നഷ്ടമാക്കപ്പെട്ടുവെങ്കിലും ആലോചിച്ചു
പറയുന്നു എന്നു വരരുതെന്നുള്ള കരുതലോടു
കൂടി
വേഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: ‘‘ആട്ടെ,
എന്നെയും കൊല്ലിക്കാൻ ഈ തിരുമേനി ശ്രമിച്ചു.
അതിലേക്കു ഞാൻ്തന്നെയാണ് സാക്ഷി.
ഭ്രാന്തന്റെ
സാക്ഷ്യമാകകൊണ്ട്...’’
സുഭദ്ര: ‘‘അക്കഥ ഞാൻതന്നെ പറയാം. അവിടുന്ന്
പദ്മനാഭപുരത്തു വച്ച് വലിയതമ്പി
അദ്ദേ ഹത്തിനെ കണ്ടന്ന് കാലക്കൂട്ടി ആ

കൊാട്ടാര
 ത്തിലുണ്ടായിരുന്നു. ഇവിടുന്നു പോയതിന്റെ
 ശേഷം ചില വേൽക്കാരെ വേൽവയ്പിച്ച്,
 മാങ്കോയിക്കൽ വക വാൾക്കാർ എന്നു
തോന്നി ക്കാൻ വേണ്ടി വാൾ ധരിപ്പിച്ച് അവിടുത്തെ
 പുറകെ അയച്ചു. അതും ഈ തിരുമേനിയുടെ
 പേരിൽ കലുഷം ഉറപ്പിക്കാൻ വേണ്ടി
സുന്ദര യ്യൻ എടുത്ത വിദ്യയായിരുന്നു.
വേൽക്കാരെ
 അവിടുന്ന് അറിയുമെന്നുള്ള പേടിയാൽ
 അവർ അധികം എതിർത്തു നില്ക്കാതെ
തോൽ പ്പിക്കപ്പെട്ടതുപോലെ ഓടിക്കളഞ്ഞു. വാൾ
 ധരിച്ചിരുന്നതുകൊാണ്ടും മറ്റും സുന്ദരയ്യൻ
 ഉദ്ദേശിച്ചപോലെതന്നെ
അവരെെൈമങ്കോയി ക്കൽ വാൾക്കാരാണെന്ന്
അവിടുന്നും
വിചാ രിച്ചുകൊാണ്ടു. ഇങ്ങനെയാണ് ഇതിന്റെ
 സത്യം.''
തിരുമുഖത്തുപിള്ള: ''ഈ സംഗതികൾ എല്ലാം
ശരി തന്നെയാണ്. കല്പിച്ചു ചെയ്യിച്ച കൃത്യം
 ആകകൊാണ്ട് വിവരങ്ങൾ അവിടുന്ന്
 അറിഞ്ഞു നീ പറയുന്നതല്ലെന്ന് ഞാൻ എങ്ങനെ
 വിശ്വസിക്കും?''

സുഭദ്ര: ''മനസ്സാണെങ്കിൽ വിശ്വസിച്ചാൽ മതി.
 മകന്റെ കഥ മുഴുവൻ കേൾക്കണം.
അനന്ത പദ്മനാഭനെ കൊാന്ന ഉടനെ
വേലുക്കുറുപ്പിനും
 മറ്റും പരിഭ്രമം ഉണ്ടായി ആ സ്ഥലത്തു നിന്നു

ഓടിക്കളഞ്ഞു. കുറച്ചു ധൈര്യമുണ്ടായപ്പോൾ പിന്നെയും ആ സ്ഥലത്തു ചെന്നു. അപ്പോൾ പ്രേതത്തെ കാണ്മാനില്ലായിരുന്നു. അവിടെ ക്കിടന്നിരുന്ന ആയുധങ്ങളും തലക്കെട്ടും എല്ലാം എടുത്ത് വേലുക്കുറുപ്പ് രാമനാമഠം ചേട്ടന്റെ കൈയിൽ എത്തിച്ചു. പിന്നീട് വാളും
പരി ചയും സുന്ദരയ്യൻ തട്ടിച്ചുകാണ്ടുപോയി, ആ കോടാങ്കി മുഖാന്തരം തിരുമേനിക്കു വിറ്റു. ഇങ്ങനെയാണ് പരമാർത്ഥം. ഇതൊാന്നും കല്പിച്ചറിഞ്ഞിട്ടില്ല.''

പരമേശൻപിള്ള: '' പെണ്ണുങ്ങളുടെ
ബുദ്ധി ആണുങ്ങൾക്ക് ഇല്ലാതെ പോയല്ലോ!''

തിരുമുഖത്തുപിള്ള: ''എന്നാൽ തലക്കെട്ട്
രാമനാ മഠത്തിൽ കൈയിൽ കാണുമല്ലോ? അതു കാണിച്ചു തന്നാൽ ഞാൻ മറിച്ചു
വിശ്വസി ക്കാം.''

സുഭദ്ര: ''തലക്കെട്ട എന്റെ കൈയിലുണ്ട്...''

തിരുമുഖത്തുപിള്ള: ''ദ്രോഹീ! മഹാപാപീ! നിന്റെ അനുജനെ കൊാന്ന ഈ പാപികൾക്ക് നീ ഇത്രത്തോളം അനുകൂലമായോ?
പഞ്ച പാതകീ, നീതന്നെ കൊാല്ലിച്ചതല്ലെന്ന് എന്റെ മനസ്സ് എങ്ങനെ വിശ്വസിക്കും?''

എന്നി ങ്ങനെ രോഷാകുലനായി പറഞ്ഞുകൊാണ്ട് അദ്ദേഹം സുഭദ്രയുടെ ഭുജങ്ങളിൽ
കൈ കൊാടുത്ത് കരുണ കൂടാതെ ഞെരിച്ചു തുടങ്ങി.

സുഭദ്ര: ''എന്റെ അനുജനോ! എന്നെ കൊാല്ലരുത്. പരമാർത്ഥം പറയണം.എന്റെ അനുജനായ തെങ്ങനെ?''

തിരുമുഖത്തുപിള്ള: '' കഷ്ടം! ഇനി അതും
അറി യണമെന്നോ! ഉള്ളിടത്തോളം
മനസ്സമാധാ നത്തോടു കൂടി ഇരിക്ക്- പോ...''
സുഭദ്ര: ''തിരുമേനീ, ഇദ്ദേഹത്തിന്റെ മകൻ
മരി ച്ചിട്ടില്ലെന്നു കല്പിക്കണം: സംശയിക്കേണ്ട.
അടിയൻ അതിനു തെളിവുകൊാടുക്കാം.''
ആകാശത്തുനിന്നും കോടി
ഭാസ്കരതേജസ്സോടുകൂടി സാക്ഷാൽ
മഹാവിഷ്ണു തന്നെ
പ്രത്യക്ഷനായി രണ്ടുപേരയും കനകാഭിഷേകവും
അമൃതാഭിഷേകവും ചെയ്താൽപ്പോലും
ഉണ്ടാകാത്തതായ ഒരു സന്തോഷംകൊാണ്ട്
പ്രത്യുക്തിക്ക്
ശക്തരല്ലാതായി ചമഞ്ഞുനില്ക്കുന്നവരിൽ,
യുവരാജാവിന്റെ വിഷണ്ണതയും,
തിരുമുഖത്തുപിള്ളയുടെ കോപവ്യസനങ്ങളും
നീങ്ങി, രണ്ടുപേരും
ആശ്ചര്യ സംയുക്തചിത്തന്മാരായി.
തിരുമുഖത്തുപിള്ള: ''കുഞ്ഞേ, ഞാൻ അവന്റെ
അച്ഛനാണ്. എന്റെ മനസ്സിൽ
വെറു തെയുള്ള മോഹം ഉദിപ്പിച്ചാൽ പാപമുണ്ട്-
നീ പറഞ്ഞതു സത്യമാണോ?''
സുഭദ്ര: ''പരമധർമ്മിഷ്ഠനായുള്ള ഈ
തിരുമേ നിയെ അതിരില്ലാതെ
അപവാദങ്ങൾകൊാണ്ടു
മൂടിയതിലും വലുതായ ദുരിതമാണോ?''
തിരുമുഖത്തുപിള്ള: ''അയ്യോ! നീ കളവാണോ
പറഞ്ഞത്?''
യുവരാജാവ്: '' ഇവൾ കാര്യമില്ലാതെ കളവു

പറയു മെന്നു ശങ്കിക്കേണ്ട. അനന്തപദ്മനാഭൻ
 മരിച്ചിട്ടില്ലെന്നു നിശ്ചയമായിരിക്കണം.''
തിരുമുഖത്തുപിള്ള: സത്യമാണോ സുഭദ്രേ?''
സുഭദ്ര: ''എന്റെ അനുജനായ അനന്തപദ്മനാഭൻ
 മരിച്ചിട്ടില്ല.''
തുരുമുഖത്തുപിള്ള: ''അവൻ മരിച്ച
വ്യസനംകൊ ◌ാണ്ടു
 മരിക്കാറായികിടക്കുന്ന അവന്റെ അമ്മയെ
 വിചാരിച്ചെങ്കിലും കളവു പറയാതെ.''
സുഭദ്ര: ''എന്റെ മരിച്ച അമ്മയുടെ മാനത്തെ
രക്ഷി ക്കാനെങ്കിലും അനന്തപദ്മനാഭൻ എന്റെ
അനു ജനായത് എങ്ങനെ എന്നു പറയണം.''
തുരുമുഖത്തുപിള്ള : ''നിന്റെ അമ്മാവനാണല്ലോ
 അതിനെ മറച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ
 സത്യം ഞാൻ എങ്ങിനെ അനാദരിക്കും?''
സുഭദ്ര: ''ന്യായവിരുദ്ധമായിരുന്നെങ്കിൽ മാത്രമേ
 അമ്മാവന്റെ ഹിതത്തെ വിചാരിക്കാനുള്ളൂ''
തിരുമുഖത്തുപിള്ള: ''നിന്റെ അച്ഛൻ
ന്യായ മായി വേണ്ട ആളുകളുടെ
അറിവോടുകൂടി യാണ് സംബനധം ചെയ്തത്.
നാട്ടു
 നീങ്ങിയ തിരുമേനി കഴക്കൂട്ടത്തുപിള്ള
മുതലാ യവർ സാക്ഷിയും ഉണ്ടായിരുന്നു. എന്നാൽ
 രാജസേവകനായ തന്നോടുള്ള വിരോധം
 കൊ ◌ാണ്ടും...''
സുഭദ്ര: (കണ്ണുനീരോടു കൂടി) '' എന്റെ അച്ഛൻ
 ആരെന്നു പറയണം ശേഷം എനിക്കു
 കേൾക്കാൻ ധൈര്യമില്ല.''
തിരുമുഖത്തുപിള്ള: 'മകളേ, നിന്റെ അച്ഛൻ

നിർദ്ദയനായ ഞാൻതന്നെ’’.
ഈ വാക്കുകളിൽ സുഭദ്രയുടെയോ യുവരാജാവിന്റേയോ ആരുടെ മനസ്സാണ് അധികം
ശീതളമാക്കപ്പെട്ടതെന്ന് പറവാൻ കഴിയുന്നതല്ല. തന്റെ മാതാവിന്റെ നാമത്തിനുണ്ടായിരുന്ന ദുഷ്കീർത്തിയും തന്റെ നിരന്തരമായ മനഃക്ലേശവും നീങ്ങുകയും നാട്ടിലെ പ്രജകളിൽ നടുനായകമായുള്ള ഒരാളാണ് തന്റെ ജന്മഹേതുവെന്ന്
സ്ഥാപിക്കപ്പെടുകയും ചെയ്കയാൽ സുഭദ്ര തന്റെ പരിശ്രമങ്ങൾ മിക്കവാറും സഫലമായി എന്നോർത്ത്
ആശ്വസിച്ചും തന്റെ കരങ്ങൾ ഗ്രഹിച്ചുകെ ാണ്ടു നില്ക്കുന്ന പിതാവിന്റെ സ്പർശനസുഖത്തിൽ മുഴുകിയും നിന്നു. തന്നെ സഹായിക്കാൻ ഭയരഹിതനായും നിസ്തുല്യ
മഹാമനസ്കതയോടും
പുറപ്പെടുകയും, ആൾ, ദ്രവ്യം, ആലോചന ഈ മൂന്നു
വകകൾകെ ാണ്ടും ലേശവും ലുബ്ധു കൂടാതെയും പൂർണ്ണ മനസ്സോടും സഹായിക്കുകയും ചെയ്ത



ഒരാൾക്ക് ആ ശ്രമത്തിനിടയിൽത്തന്നെ വലുതായ സന്തോഷം ഉണ്ടായതുകെ ാണ്ടും യുവരാജാവും അത്യന്തം സന്തുഷ്ടനായി. യൗവനകാലത്തെ ചരിത്രങ്ങളും തന്റെ ആദ്യപരിഗ്രഹത്തിന്റെ മൃതിയും
ഓർത്ത് അതിവ്യവസനത്തോടും

പ്രഥമസന്താനത്തിന്റെ സാന്നിധ്യത്തിൽ
പരമാനന്ദത്തോടും
അന്നത്തെ സന്താനദ്വയലാഭം ഓർത്ത്
ആനന്ദപാരവശ്യത്തോടും, തിരുമുഖത്തുപിള്ളയും
നിന്നു. രാമയ്യൻ,
സുഭദ്രയുടെ ഭൃത്യന്മാർ മുതലായവൽ സന്തോഷ~.
ത്താൽ പരസ്പരം ഓരോന്നു പറഞ്ഞുതുടങ്ങി.
ഇവരുടെ നിർവ്യാജമായുള്ള സന്തോഷം അവർക്കു
പരിചയമുള്ള സുഭദ്രയുടെ മനോഗുണങ്ങളെ
സാക്ഷീകരിച്ചതിനാൽ, തിരുമുഖത്തുപിള്ളയും
യുവരാജാവും അവരുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു
സന്തോഷിച്ചതേയുള്ളൂ.
തിരുമുഖത്തുപിള്ള: ‘‘മകളേ, നീയും
അനന്തപദ്മ നാഭനുംഎനിക്കു ലേശവും ഭേദമില്ല.
നിന്റെ
അമ്മാവനാണ് നമ്മെ വേർപെടുത്തിയത്.
എങ്കിലും എന്റെ സ്നേഹത്തിന് ഒരു
വിധ ത്തിലും കുറവുവന്നിട്ടില്ല.
സുഭദ്ര: (ആനന്ദബാഷ്പം ചൊരിഞ്ഞുകൊണ്ട്)
‘‘അച്ഛാ, ഇപ്പോൾ തിരുമേനിക്കു കൊടുത്ത
ഈ ദ്രവ്യവും ഞാൻ അനുഭവിക്കുന്ന സകല
വസ്തുക്കളും ഈ നില്ക്കുന്ന
കുടിയാന് മാരും എന്റെ അച്ഛൻ മൂലം
അധീനത്തി ലായതാണെന്ന് എനിക്കറിയാം.
അങ്ങനെ യുള്ള അച്ഛനെഒരിക്കലും
മനസ്സു കൊണ്ട് അനാദരിച്ചിട്ടില്ല. സർവ്വദാ
ഭക്തി യോടെ സ്മരിച്ചിട്ടേ ഉള്ളൂ. എന്നാൽ,
അമ്മ യുടെ വിഗ്രഹംപോലെ അച്ഛന്റെ
വിഗ്ര ഹവും സങ്കല്പംകൊണ്ടേ

പരിചയമുണ്ടായി രുന്നുള്ളൂ. ഞാൻ അറിയാതെ
പറഞ്ഞ
വാക്കു കളെ അച്ഛൻ ക്ഷമിക്കഗണം. ഇനി ഒരാളോട്
 ഞാൻ ഇങ്ങനെ സ്ത്രീസ്വഭാവം വിട്ടു
 സംസാരിക്കയില്ല. അനന്തപദ്മനാഭൻ
മണ ക്കാട്ട പഠാണിപ്പേട്ടയിൽ ഉണ്ട്. ജാതിഭേദം
 വന്നിട്ടില്ല. അവിടെ എന്തോ ഒരു
അകപ്പാ ടുണ്ട്. തിരുമേനിയും അച്ഛനും കൂടി
 അവിടെ ചെന്നാൽ അതിനു
നിവൃത്തിയു ണ്ടാകും.
മാങ്കേയിക്കൽ◌◌കുറുപ്പദ്ദേഹം
 അവിടെയുണ്ട്. അനന്തപദ്മനാഭനെ ഉടനെ
 ചെമ്പകശ്ശേരിയിൽ അയയ്ക്കണം.
താമ സിച്ചാൽ തങ്കം ചാകും.''
 മാങ്കോയിൽ കുറുപ്പിനെക്കുറിച്ചു കേട്ട
സന്തോഷ വർത്തമാനത്തെ സംബന്ധിച്ചു
യുവരാജാവിനാകട്ടെ, പുത്രന്റെ കഥയെക്കുറിച്ചു
തിരുമുഖത്തുപിള്ളയ്ക്കാകട്ടെ, വല്ലതും പറവാൻ
തരംകിട്ടാതെ പടിഞ്ഞാറു നിന്നു ഒരുമുഴക്കം കേട്ടു
തുടങ്ങി.
സുഭദ്ര: '' അമ്മാവനും മറ്റും വരുന്നു. എന്റെ
മുറി ക്കകത്ത് ഇരിക്കാം. ക്ഷണത്തിൽ പോകാം.''
തിരുമുഖത്തുപിള്ള: '' കല്പിച്ച് അവിടെ
എഴു ന്നള്ളിയിരിക്കണം. നീയും പോ. വെടികൾ
 കേൾക്കുന്നുണ്ട് - അതാ, പോരിന്റെ
കോലാ ഹലങ്ങളാണല്ലോ കേൾക്കുന്നത്!''
സുഭദ്ര: '' അതാ, അച്ഛാ, അവർ അടുത്തുവരുന്നു
 വേഗം വീട്ടിലെത്താം.''
യുവരാജാവ്: ''തമ്പിമാർ തമ്മിൽ തിരിഞ്ഞുവോ?''

തിരുവമുഖത്തുപിള്ള: ‘‘എട്ടുവീട്ടുകാരും തമ്പിമാരും തമ്മിൽ പിണങ്ങിയോ?’’
സുഭദ്ര: ’’ തിരുമേനീ, അമ്മാവു വയസ്സുകാല മാണ്.’’
യുവരാജാവ്: ‘‘ശരിയാണ്. തിരുമുഖത്തുപിള്ളേ അയാൾ ചാകാതെ നാം രക്ഷിക്കണം.’’
സുഭദ്ര: ’’ എന്തു ലഹളയാണത്! എന്തു വെടികൾ! തിരുമേനിക്കും അച്ഛനും ആയുധങ്ങൾ ഇല്ലല്ലോ?’’
യുവരാജാവ്: ‘‘എന്റെ അരവാളുണ്ട്: അതുമതി.’’
തിരുമുഖത്തുപിള്ള: ‘‘എനിക്കു വടിവാളും ഉണ്ട്. സുഭദ്ര പോ. ഞങ്ങൾ ആറുവീട്ടുകാരോടും ആളുകളോടും ചേർന്ന് പടിഞ്ഞാറോട്ടു തിരിക്കാം.
സുഭദ്ര: ‘‘തിരുമേനീ, കഴിയുന്നതും കൊാല അരത്.’’
യുവരാജാവ്: ‘‘സുഭദ്രയുടെ മനസ്സ് എങ്ങനെ യെന്നാലങ്ങനെ.’’
സുഭദ്രയും ഭൃത്യരും ഭവനത്തിലേക്കും യുവരാജാവും തിരുമുഖത്തുപിള്ളയും കിഴക്കോട്ടും നടന്നു. വഴിക്ക് തിരുമുഖത്തുപിള്ള ഇങ്ങനെ അറിയിച്ചു:
‘‘അവർ കരമനയാറ്റിന്റെ പടിഞ്ഞാറേക്കര ഉണ്ട്. അടിയൻ രാമനാമഠത്തിനെ കണ്ട് വർത്തമാനങ്ങൾ ചോദിക്കാൻ പുറപ്പെടുകയായിരുന്നു.
അയാളാണ് പ്രമാണിയായി നല്ക്കുന്നതെന്ന ചുള്ളിയിൽ മാർത്താണ്ഡൻ പറഞ്ഞറിഞ്ഞു’’.
യുവരാജാവിന്റെ പ്രാണരക്ഷണം ചെയ്ത

ശേഷം സുഭദ്ര തന്റെ ഗൃഹംവിട്ടു
പുറത്തിറങ്ങിയിട്ടില്ലായിരുന്നു. തന്നെ ബാധിച്ചിരുന്നു
ഒരു
മനസ്താപത്തെ സഹിച്ചുകൊാണ്ട് അവിടത്തന്നെ
താമസിക്കുന്നതിനിടയിൽ, സുഭദ്രയെ
ചെമ്പകശ്ശേരിയിലേക്കു മാറ്റുന്നതിനായി
പാറുക്കുട്ടി
മുതലായവർ പല ശ്രമങ്ങളും ചെയ്തു.
ശങ്കുആശാൻ
തന്റെ കണ്ണുനീരുകൊാണ്ടുതന്നെ സുഭദ്രയുടെ
മുമ്പിൽ ഒരു തടാകത്തെ നിർമ്മിച്ചിട്ടും സുഭദ്രയുടെ
മനസ്സിളകിയില്ല. സുഭദ്രയുടെ വിഷാദ കാരണം
അറിയാതെ തിരുമുഖത്തുപിള്ള മുതലായവർ
ഉഴലുന്നതിനിടയിൽ മഹാരാജാവും തന്നെ
സുഭദ്രയെ കണ്ട്
താൻ ഒരു സഹോദരൻ എന്നപോലെ സുഭദ്രയുടെ
സകല ഹിതങ്ങളെയും സാധിച്ചുകൊാടുക്കുന്നതിന്
സന്നദ്ധനായിരിക്കുന്നുണ്ടെന്നും അതിനാൽ
സുഭദ്രയുടെ ഇംഗിതത്തെ ഗോപ്യമായിവച്ചു
കൊാള്ളാതെ തന്നോടു പറയണമെന്നും മറ്റും
അരുളിച്ചെയ്തു. ഇതിന് ഉത്തരമായി, ‘‘അടിയൻ

നിസ്സാരമായ ഒരു സഹായം ചെയ്തിട്ടുള്ളതിനു
പ്രതിഫലമായി കല്പിച്ചു തിരുമനസ്സിലെ
സ്ത്രീകളായ പ്രജകളെയും അടിയന്റെ നേർക്കു
തോന്നുന്ന സ്നേഹത്തോടു കൂടി രക്ഷിച്ചാൽ മതി.’’
എന്നു മാത്രം പറഞ്ഞതേയുള്ളു. സന്തോഷകാലങ്ങ‘
ളിൽതന്നാൽ കഴിവുള്ളേടത്തോളം സഹായങ്ങൾ
പരന്മാർക്കു ചെയ്യുന്നതിനു സുഭദ്ര എത്രത്തോളം

തയ്യാറായിരുന്നുവോ, അത്രത്തോളം തന്റെ സന്താപത്തെ വീതിക്കുന്ന വിഷയത്തിൽ സുഭദ്ര അസന്നദ്ധയായിരുന്നു. സുഭദ്രയുടെ വ്യസനഹേതു പാറുക്കുട്ടിക്ക് ഔഷധം വാങ്ങിക്കൊണ്ടുവന്ന ഭൃത്യന്
അറിവുണ്ടായിരുന്നു. എങ്കിലും സുഭദ്രയുടെ വിരോധം അനുസരിച്ച് അവനും അത് പുറത്തു പ്രസ്താവിക്കാതെ അടക്കിക്കൊണ്ടു.

കുടമൺപിള്ള ബന്ധനത്തിൽ നിന്നു മോചിപ്പിക്കപ്പെട്ട ഉടൻതന്നെ ഭവത്തിൽ എത്തി ഭൃത്യരെയും മറ്റും അകലെ ആക്കീട്ട് സുഭദ്രയെ അടുത്തു
വിളിച്ചു. വലിയതമ്പിയുടെ പക്കൽ നിന്നു കേട്ടിരുന്ന ഓരോ കഥയും ഓർത്തുണ്ടായ കോപത്തോടുകൂടി സുഭദ്രയുടെ കൂന്തലിനു ചുറ്റിപ്പിടിച്ചുകൊണ്ട്, കർക്കശനായ ആ വൃദ്ധൻ ഇങ്ങനെ
ചോദ്യം തുടങ്ങി. ‘‘എടീ, തറവാടിനെയും മാനത്തെയും കെടുത്തി- കൊട്ടാരത്തിലും തെരുവിലും
അഴിഞ്ഞ് ആടി നടന്നതിന് അനുഭവം ഇന്നുണ്ട്. ആരു പറഞ്ഞിട്ടാണ്, തമ്പുരാൻ നിന്റെ ആരായിട്ടാണ് ഞങ്ങളെ നീ നശിപ്പിച്ചത്? ആ പരമആഭാസൻ വന്നുചേർന്നു കുടുംബത്തെയും രാജ്യത്തെയും മുടിച്ചു.
സുഭദ്ര: ’’: ആരമ്മാവാ? എന്റെ അച്ഛനോ!’’
കുടമൺപിള്ള: ‘‘മിണ്ടിയാൽ നാക്കിനെ പിഴുതേ ക്കുന്നുണ്ട്. താഴ്ത്തു കഴുത്തിനെ. തള്ള യ്ക്കോങ്ങിയ വാൾ പിള്ളയ്ക്ക്.

എതെ◌ാ രുത്തൻ വന്നു തടുക്കുന്നു എന്നു കാണട്ടെ.’’
ഈ ഗർജ്ജനങ്ങൾ പുറത്തായപ്പോൾ,
പടിഞ്ഞാറു തുറന്നുകിടന്നിരുന്ന വാതിലിൽ കൂടി ഒരാൾ
അകത്തു കടന്ന് ‘‘അരുതേ, അന്യായമരുതേ’’ എന്നു പറഞ്ഞുകെ◌ാണ്ട് അടുത്തു. പെട്ടെന്ന് ആഗമിച്ച ഈ
അന്യനെക്കണ്ട് ‘‘പദ്മനാഭാ! ഇനി മരിച്ചാലും വേണ്ടുകില്ല’’ എന്നു സുഭദ്ര പരമാർത്ഥമായി വിളിക്കുന്നതിനിടയിൽ കുടമൺപിള്ളയുടെ ഖണ്ഡം
ഉയർന്നു കീഴ്പ്പോട്ടു പതിക്കയും സുഭദ്ര ‘‘അയ്യോ! അമ്മാ!’’ എന്നുള്ള പ്രലാപത്തോടു കൂടി നിലത്തുവീഴുകയും ചെയ്തു. ഈ ഭയങ്കര കൃത്യം കണ്ടു
മുമ്പോട്ടു കുതിച്ച7ബീറാംഖാനായ അന്യൻ തന്റെ ഖഡ്ഗം ദൂരത്ത് എറിഞ്ഞിട്ട് ‘‘ഇവളെ അന്യായമായി ഉപേക്ഷിച്ച എന്നെയും ’’ എന്നു പറഞ്ഞു
കെ◌ാണ്ട് കുടമൺപിള്ളയുടെ മുമ്പിൽ നിന്നപ്പോൾ പ്രാണവേദനയോടു കൂടി പിടയ്ക്കുന്ന സുഭദ്ര ‘‘ആ പാവത്തിനെക്കൂടെ (ഫാത്തിമയെ) ചതിക്കരുതേ’’ എന്നു ബീറാംഖാനോടും ‘‘മതി അമ്മാവാ,
ഇതുമതി’’ എന്നിങ്ങനെ കുടമൺപിള്ളയോടും അപേക്ഷിച്ചു. നാവു കുഴങ്ങി വശമായി. സുഭദ്രയുടെ വാക്കുകൾ കേട്ട്: അരുണമായി ഉജ്ജ്വലിച്ചിളകുന്ന നേത്രങ്ങളെ ഉരുട്ടി ആ സ്ത്രീയെ

നോക്കീട്ട്,
ലേശവും ചലനം കൂടാതെയും നിരായുധനായും
നില്ക്കുന്ന ബീറാംഖാന്റെ കണ്ഠം ലക്ഷ്യമാക്കി,
തരിമ്പും കരുണയും പുരുഷത്വവും കൂടാതെ
കുടമൺപിള്ള ഖഡ്ഗം പിന്നെയും ഓങ്ങി.
എന്നാൽ
അനന്തപദ്മനാഭന്റെ വാളിനാൽ കുടമൺപിള്ള
തന്നെ രാണ്ടായി കീറിവീഴത്തപ്പെട്ടതിനാൽ
ബീറാംഖാൻ രക്ഷപ്പെട്ടു.
ബീറാംഖാന്റെ നിലയും സുഭദ്രയുടെ
സ്ഥിതിയും കണ്ട് അത്യാശ്ചര്യത്തോടും
വുസ്സഹമായുള്ള ആധിയോടും
അനന്തപദ്മനാഭൻ
നിന്നതിനിടയിൽ ബീറാംഖാൻ നിലത്തുവീണ്
ബാലന്മാരെപ്പോലെ കരഞ്ഞു തുടങ്ങി.
അപ്പോഴേയ്ക്ക്
''ചതിച്ചോ മഹാപാപീ'' എന്നു
നിലവിളിച്ചുകൊണ്ട് തുരുമുഖത്തുപിള്ളയും
എത്തി.
പുത്രിയെക്കുറിച്ചു കേട്ടുവന്നിരുന്ന
ദോഷാരോപണങ്ങൾ
വ്യാജമെന്നുള്ളതിനു പുറമേ സുഭദ്രയിൽ
ദോഷഭാഗങ്ങൾ അശേഷം ശൂന്യമായിരുന്നു
എന്നും
തിരുമുഖത്തുപിള്ളയ്ക്കു ബോധ്യപ്പെട്ടപ്പോൾ
മുതല്ക്ക്
അതിബലവത്തായിത്തീർന്നിരുന്ന
വാത്സല്യബന്ധം ഖണ്ഡിക്കപ്പെട്ടിരിക്കുന്നു എന്ന്
ഒറ്റനോട്ടത്തിൽ ധരിച്ച അദ്ദേഹത്തിന്റെ

അവർണ്ണനീയമായുള്ള പാരവശ്യത്തെക്കണ്ട്. ആ ശീലവതി
പിതാവിൽ അനുകമ്പ കലർന്ന് ഒരു മന്ദഹാസം ചെയ്തു. തന്റെ പൂർവപ്രഭയെ ആ അവസരത്തിൽ പ്രാപിച്ചിരുന്ന സുഭദ്രയെ തിരുമുഖത്തുപിള്ള അതികരുണയോടുകൂടി ഉയർത്തി തന്റെ
മടിയിൽ കിടത്തി. ഈ സ്ഥിതിയിൽ അച്ഛനെയും, തന്നെ ത്യജിച്ച ഭർത്താവിനെയും സഹോദരനെയും കടാക്ഷിച്ചുകൊ◌ാണ്ട്, നാരായണ നാമജപത്തോടു കൂടി ലോകത്തിൽ ഗുണവാന്മാർ വ്യത്യസ്തം കൂടാതെ ഐശ്വര്യ പദത്തെ പ്രാപിക്കില്ലെന്ന് പ്രത്യക്ഷമാക്കുമാറ്, തന്റെ ജഡത്തെയും സത്കീർത്തിയെയും ഭൂമിയിൽ ശേഷിപ്പിച്ചിട്ട് സുഭദ്ര പ്രപഞ്ചത്തിരയ്ക്കുള്ളിൽ മറഞ്ഞു.